# ജയ്ജ്വാല

വാല്യം 1 | ലക്കം 1 | ആഗസ്റ്റ് 2022

**രക്ഷാധികാരി**

**സി. ശാലിനി**
പ്രൊവിൻഷ്യൽ സുപ്പീരിയർ

**മാനേജിംഗ് എഡിറ്റർ**

**സി. ഐറീൻ കുരുവിള**
പ്രൊവിൻഷ്യൽ കൗൺസിലർ

**ചീഫ് എഡിറ്റർ**

**സി. ജിഷ**

**അസോസിയേറ്റ് എഡിറ്റേഴ്സ്**

**സി. ജിൻസി മരിയ**
**സി. സിനി**
**സി. ഷൈബി**



*Province Day Greetings to all*

**Jai Jwala**
**Jai Rani Provincial House**
**Venkitapuram P.O**
**Coimbatore - 641 025**
**Tamil Nadu, India**
**Ph : 0422 – 2430190**
**E-mail : jairani2022@gmail.com**
***(Printed at : St. Joseph Press Palakkad - 4)***

# ഉള്ളറയിൽ ...

എഡിറ്റോറിയൽ
പിതാവിന്റെ സന്ദേശം
ജയ്റാണി പ്രോവിൻസിന് ആശംസകൾ!
മാതൃമൊഴി – സി. ശാലിനി
സന്ദേശം – സി. ലിയോണി
മൾട്ടി സ്കിൽ പ്രോഗ്രാമും ഞാനും
നമുക്കും ഒന്ന് പരിശ്രമിച്ചാലോ?
"നീയും പോയി അതുപോലെ ചെയ്യുക"
ദൈവസാന്നിധ്യത്തിന്റെ ഗിരികൂടാരം: സമർപ്പിത
A Hymn of Gratitude
തായ്മക്കളിറങ്ങട്ടെ തമിഴകമുണരട്ടെ
അവർണ്ണനീയമായ ദാനത്തിന് നന്ദി!
പിന്നിട്ട വഴികളിലൂടെ ...
എന്റെ ആകാശങ്ങൾ
വചനശക്തി
ദൈവസ്നേഹാനുഭവത്തിന്റെ ആഴങ്ങളിലേക്ക്
ജ്വലിക്കാൻ ... ജ്വലിപ്പിക്കാൻ
മിന്നും ജയ്ജ്വാല
എന്റെ ദൈവവിളി
നാഥാ ... നന്ദി ... നന്ദി ...
ജெய் இராணி புகழ்மாலை
അമ്മതൻ സ്നേഹം





# എഡിറ്റോറിയൽ

**സി. ജിഷ**
ചീഫ് എഡിറ്റർ

***ഒരു*** സന്യാസാശ്രമം നാടിന് നല്കപ്പെടുന്ന വലിയ ഒരു ദൈവാനുഗ്രഹമാണ്. ആത്മീയതയുടെ പിള്ളത്തൊട്ടിലാണത്. പ്രാർത്ഥനയുടെയും സുകൃതങ്ങളുടെയും കൂടാരം! ദൈവസ്നേഹത്തിന്റെയും കൂട്ടായ്മയുടെയും പുരോഗതിയിലേക്കുള്ള വാതിലും. ഓരോ കാലത്തിനും ദേശത്തിനും ദൈവത്തിന്റെ കൈയൊപ്പുള്ള വിശുദ്ധ പ്രവാചകന്മാരുടെ ജീവിതവും ദർശനങ്ങളും പ്രവർത്തനങ്ങളും കാലാതീതമായി ദിശാബോധം പകരുന്നു. അതെ, 19-ാം നൂറ്റാണ്ടിന്റെ ചരിത്രത്തിൽ വിശുദ്ധ ചാവറപിതാവിലൂടെ ഇടപെട്ട ദൈവം അദ്ദേഹത്തിന്റെ പവിത്രമായ ജീവിതമാതൃക ഈ തലമുറയ്ക്ക് പാഠപുസ്തകമായി സമ്മാനിച്ചു. പ്രതിസന്ധികൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ സ്ഥാപക പിതാവിന്റെ ജീവിതനന്മകൾ ആത്മാവിൽ ആവഹിച്ച് ഇന്നിന്റെ ആവശ്യങ്ങളിലേക്ക് കടന്നുചെല്ലാൻ വിളിക്കപ്പെട്ടവരാണ് ഓരോ സി.എം.സി. പുത്രിയും. പുതുതായി രൂപംകൊണ്ട ജയ്റാണി എന്ന മിഷൻ പ്രോവിൻസ് ഈ ലക്ഷ്യത്തോടെ തമിഴകത്തിൽ വളർച്ചയുടെ നാളുകളിലേയ്ക്ക് കടക്കട്ടെ. ചുറ്റുമുള്ള ശബ്ദകോലാഹല സംസ്കാരത്തിലും ധ്യാനാത്മകമായ നിശബ്ദനിമിഷങ്ങളുടെ നിറവാർന്ന നന്മ തിരിച്ചറിയാൻ കർമ്മലമാതാവിന്റെ മക്കൾക്കു കഴിയണം. നമ്മുടെ ശുശ്രൂഷകളിൽ നീതിയുടെ നിറച്ചാർത്തണിയാൻ അദ്ധ്വാന തഴമ്പുള്ള കരത്തോടെ അനുകമ്പ നിറഞ്ഞ ഹൃദയത്തോടെ നമുക്കുമുന്നേറാം. പ്രോവിൻസിന്റെ ആത്മീയ മുന്നേറ്റങ്ങളും, ചിന്തകളും, അക്ഷരങ്ങളായി, ചിത്രങ്ങളായി, അനുഭൂതികളായി, മാറുകയാണ് ഇതിൽ ... നമ്മുടെ പ്രോവിൻസിന്റെ ഈ ചെറിയ തുടക്കം ദൈവാനുഗ്രഹത്തിന്റെ ഒരു കലവറയായി മാറട്ടെയെന്ന് പ്രാർത്ഥിക്കുന്നു.



# പിതാവിന്റെ സന്ദേശം

**മാർ പോൾ ആലപ്പാട്ട്**
രാമനാഥപുരം രൂപതാ മെത്രാൻ

**പ്രിയ സി. ശാലിനി, മറ്റു സഹോദരികളേ,**

പുതുതായി ജന്മമെടുത്ത കോയമ്പത്തൂർ ജയ്റാണി സി.എം.സി. പ്രോവിൻസിന്റെ ത്രൈമാസ ജിഹ്വയായി “ജയ് ജ്വാല” വെളിച്ചംകാണാൻ പോകുന്നതിൽ ഞാൻ ഏറെ സന്തോഷിക്കുന്നു. ബൈബിൾ പശ്ചാത്തലത്തിലേക്ക് നോക്കുമ്പോൾ “ജ്വാല” ദൈവസ്നേഹത്തിന്റെ പ്രതീകവും പരിശുദ്ധാത്മാവിന്റെ ശക്തമായ സാന്നിധ്യത്തിന്റെ അടയാളവുമാണ്. ആദിമ സഭയിലെ ആദ്യ പെന്തക്കുസ്തയിലായിരുന്നല്ലോ അപ്പസ്തോലന്മാരുടെയും മറ്റു ശിഷ്യരുടെയും ജീവിതവീക്ഷണവും ജീവിതലക്ഷ്യവും ദിശാബോധവും മാറ്റിമറിച്ച ജ്വാലാഭിഷേകം നടന്നത് (അപ്പ. 2:1-13).

അതുപോലെത്തന്നെ പരിശുദ്ധ അമ്മ ഈശോയെ ഹൃദയത്തിലും ഉദരത്തിലും സ്വീകരിച്ചപ്പോൾ ദൈവസ്നേഹത്താൽ ജ്വലിച്ച് ഈശോയെ സംവഹിച്ച് അപരനിലേക്ക് യാത്ര തിരിച്ചു (ലൂക്കാ 1:39-45). ഇതുപോലെയുള്ള രൂപാന്തരീകരണവും സകലതും മറന്ന് ഈശോമിശിഹായെന്ന വ്യക്തിക്കും തിരുസഭയ്ക്കുംവേണ്ടി മാത്രമുള്ള ദൈവസ്നേഹജ്വലനവും അപരനിലേക്കുള്ള ഹൃദ്യവുമായ യാത്രകളുമാകട്ടെ നമ്മുടെ ക്രിസ്തീയ - സന്യാസ - പൗരോഹിത്യ ജീവിതം.

ജയ്റാണിയുടെ തുടർന്നുള്ള യാത്ര ‘പരനാൽ’ നിറഞ്ഞ് അപരനിലേക്ക് തിടുക്കത്തിലുള്ള യാത്രയാകട്ടെ. അതിന് ശക്തിയും പ്രചോദനവും അംഗങ്ങൾക്കും മറ്റ് അനുവാചകർക്കും നൽകുന്നതാകട്ടെ ‘‘ജയ് ജ്വാല’’ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ‘‘ജയ് ജ്വാല’’ അണിയിച്ചൊരുക്കുന്നതിന് അദ്ധ്വാനിക്കുന്ന സി. ഐറീൻ ഉൾപ്പെടെയുള്ള എല്ലാവർക്കും ഹൃദയം നിറഞ്ഞ ഭാവുകങ്ങളും അനുഗ്രഹങ്ങളും ഞാൻ സ്നേഹപൂർവ്വം നേരുന്നു.

# ജയ്റാണി പ്രോവിൻസിന് ആശംസകൾ!



**ഫാ. സാജു ചക്കാലക്കൽ**

പ്രൊവിൻഷ്യൽ, പ്രേഷിത പ്രോവിൻസ്

ദൈവത്തിന്റെ അനന്തപരിപാലനയിൽ ദൈവജനത്തിന്റെ സഹകരണത്തോടുകൂടി വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെയും ലെയോപോൾദ് അച്ചന്റെയും കൂട്ടായ പരിശ്രമത്താൽ 1866-ൽ കൂനമ്മാവിൽ സ്ഥാപിതമായ ഏതദ്ദേശീയ കർമ്മലീത്താ സന്യാസ സമൂഹത്തിന്റെ ജീവിത മികവിന്റെയും ദൈവരാജ്യ പ്രഘോഷണത്തിന്റെ കാര്യക്ഷമത യുടെയും നാന്ദിയെന്നോണമാണ് തമിഴ്നാട്ടിൽ കോയമ്പത്തൂർ ആസ്ഥാനമാക്കി ജയ്റാണി പ്രോവിൻസ് 2022-ൽ സ്ഥാപിത മായിരിക്കുക.

തമിഴ്നാട്ടിലെ ജനങ്ങൾക്കിടയിൽ കൂടുതൽ ഉദാത്തമായ രീതിയിൽ ദൈവവചന പ്രഘോഷണം നടത്താനുള്ള ഈ തീരുമാനം കാലാനുസൃതവും ധീരോദാത്തവുമാണ് എന്നതിൽ രണ്ടുപക്ഷമില്ല. ശക്തമായ ഈ കാൽവയ്പ് തിരുവചനം കൂടുതൽ സുവ്യക്തമായി പങ്കുവയ്ക്ക പ്പെടുന്നതിനും തിരുസഭയുടെ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഇടവരട്ടെ എന്നാണ് പ്രാർത്ഥന! പാലക്കാട്-കോയമ്പത്തൂർ ആസ്ഥാനമാക്കി സി.എം.ഐ.-സി.എം.സി. സന്യാസ-സഹോദര സമൂഹങ്ങൾ ദൈവവചന പ്രഘോഷണത്തിനും തിരുസഭാസംവിധാനങ്ങളുടെ വളർച്ചയ്ക്കുമായി കഴിഞ്ഞ ആറുപതിറ്റാണ്ടുകളായി സ്തുത്യർഹമായ സേവനങ്ങളാണ് കാഴ്ച്ചവെച്ചി ട്ടുള്ളത്. ഇതുവരെ ഉണ്ടായിരുന്നതിനേക്കാൾ ഊർജ്ജസ്വലതയോടെ തമിഴ്നാട്ടിൽ ദൈവവചനം പ്രഘോഷിക്കാൻ സി.എം.സി.യുടെ കോയമ്പത്തൂർ ആസ്ഥാനമായുള്ള പുതിയ ഭരണ സംവിധാന ങ്ങൾക്ക് കഴിയുമെന്ന് ഉറപ്പാണ്. സി.എം.ഐ. പ്രേഷിത പ്രവിശ്യയുടെ ആശംസകളും പ്രാർത്ഥന കളും സഹോദരി പ്രവിശ്യയായ ജയ്റാണി പ്രവിശ്യക്ക് നിർലോഭമായി നേരുന്നു ... തമിഴ്മക്കൾ ക്കിടയിൽ ആറുപതിറ്റാണ്ടിന്റെ പകിട്ടാർന്ന സേവനപരിചയം കൈമുതലായുള്ളപ്പോൾ ജയ്റാണി യുടെ വളർച്ച സുഗമവും ത്വരിതഗതിയിലുള്ളതുമാകുമെന്ന് ഉറപ്പുണ്ട്. എങ്കിലും ഒരു പുതിയ പ്രവിശ്യ എന്ന നിലയിൽ തുടക്കത്തിലുള്ള പ്രതിബന്ധങ്ങൾ തരണം ചെയ്യാൻ പ്രവിശ്യാംഗങ്ങളുടെ കൂട്ടായ പ്രവർത്തനത്തിന് സാധ്യമാകും. വളരെ വിശാലമായ ഒരു ചക്രവാളമാണ് പുതിയ പ്രവിശ്യക്കു മുമ്പിൽ തുറന്നുവെച്ചിട്ടുള്ളത്. വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ കന്യാസ്ത്രീ

കൾക്കുള്ള ഒരു കത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: “ഈ മഠം സ്ഥാപിക്കപ്പെട്ടിരിക്കയാൽ ഇതിന്റെ നടപ്പ് എങ്ങനെയെന്ന് വിചാരിക്കുംപോലെ നടത്തുവാൻ വേണ്ടിയതൊക്കെയും അല്പം ബുദ്ധിമുട്ട് കൂടാതെ ദൈവം നിറവേറ്റുന്നു: ‘അന്വേഷിച്ചാൽ കണ്ടെത്തും’ എന്ന തിരുവചനം പോലെ ...” (കത്തുകൾ VII/11). ദൈവികമായ പദ്ധതിയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ പുതിയ പ്രവിശ്യാ സംവിധാനം ദൈവംതന്നെ നടത്തുമെന്ന് ഉറച്ച് വിശ്വസിക്കാം ... അതിനായി നമുക്ക് “ഈശോ മിശിഹായുടെ സ്നേഹത്തിൽ പാർക്കാം ... എപ്പോഴും തന്റെ കൺമുമ്പിൽ ഇരിക്കാം ... തന്റെ അരികിൽ നടക്കാം ... തന്നോടുകൂടെ എപ്പോഴും സംസാരിക്കാം ...” (കത്തുകൾ VII/6). ലോകത്തിന്റെ അതിർത്തികൾവരെ സുവിശേഷം അറിയിക്കാൻ വിളിക്കപ്പെട്ട നമുക്ക് ഒത്തൊരുമിച്ച് ഈ ദൈവിക പദ്ധതിയിൽ പങ്കാളികളാകാം ... വിശുദ്ധവാരത്തിൽ ചാവറ പിതാവ് കൂനമ്മാവ് മഠത്തിലെ അമ്മമാർക്ക് നൽകിയ ഉറപ്പ് ജയ്റാണി പ്രവിശ്യയിലെ സഹോദരിമാർക്ക് നൽകിക്കൊണ്ട് ഈ ആശംസകൾക്ക് വിരാമമിടട്ടെ. “ഇതാ ഈശോമിശിഹായുടെ പെട്ടകത്തിൽ നിങ്ങളുടെ ഹൃദയങ്ങളെയും എന്നോടുകൂടെ ജനിച്ച നിങ്ങൾക്കുവേണ്ടിയും ഞാൻ വച്ചുപൂട്ടിയിരിക്കുന്നു. ഉയിർപ്പുവരെ അവിടെ പാർത്തുകൊള്ളുവിൻ!”

## Maxims of St Euphrasia



- **What fortune is there, more than suffering for the Lord!**
- **O! My Holy Redeemer, your will is enough for me.**
- **Before my superiors, celestial visions and commands are as insignificant as wind to me.**
- **Don't give up your obligatory acts hearing people's word.**
- **Rejoice gladly in the love of God, be consoled; all is there.**
- **After God, my hope and consolation is Holy Mother.**
- **I don't mind if people or superiors hate me. It is enough if I don't offend God.**
- **The only consolation to my heart is to gaze at the Crucified Lord and the Holy Mother, pray and shed tears.**
- **Through the virtue of humility, we can ascend to heaven, wherefrom through pride the devils descended.**
- **The day without meditation is like nothing done.**
- **Only if we participate in the Lord’s suffering, we have a share in His love.**



## "ഇതാ ഞാൻ പിതാവെ, ഇതാ ഞാനിതാ തിരുഹിതമറിയാൻ നിറവേറ്റാൻ" (ഏശയ്യ:6-8).

**സി. ശാലിനി**
പ്രൊവിൻഷ്യൽ സുപ്പീരിയർ


2022 ഏപ്രിൽ 9-ന് വിളിക്കുള്ളിലെ വിളി സ്വീകരിച്ച്, കർത്താവിനാൽ അയയ്ക്കപ്പെട്ട്, അവിടുത്തെ സുവിശേഷം ഈ തമിഴകത്ത് പ്രഘോഷിക്കുവാൻ, വേർപാടിന്റെ വേദന ഉള്ളിൽ പേറി, എങ്കിലും ക്രിസ്തുശിഷ്യ ധീരവതിയും ക്രാന്തദർശിനിയുമായിരിക്കണമെന്ന ബോധ്യത്തോടെ ഉറ്റവരെയും ഉടയവരെയും സുരക്ഷിതത്വവും സൗഭാഗ്യവും എല്ലാം ത്യജിച്ച്, അവിടുത്തെ തിരുഹിതം നിറവേറ്റാൻ, ദൈവത്തിന്റെയും സഭയുടെയും സ്വപ്നങ്ങൾക്ക് മിഴിവു പകരാൻ മാതൃഭവനമായ ജയ്ക്രിസ്റ്റോ പിളർന്ന് അരുമപുത്രിയായ 'ജയ്റാണി' മക്കൾ ആത്മീയ യാത്ര ആരംഭിച്ചു. ഇന്നിപ്പോൾ പിന്നിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ ദൈവത്തിന്റെ പലിപാലന എത്ര വിസ്മയനീയം! അവിടുത്തെ കരുതലുകൾ എത്ര അവർണ്ണനീയം. സഭയ്ക്കുള്ളിലും പുറത്തും ക്രിസ്തുവിന്റെ സ്നേഹ ചൈതന്യത്തിന് സാക്ഷ്യം വഹിക്കാൻ നിയോഗിക്കപ്പെട്ടവരാണ് നാം എന്ന് നമുക്ക് മറക്കാതിരിക്കാം.

മുഹമ്മദലി റിങ്ങിലിറങ്ങുംമുമ്പ് ആഞ്ചലോ ഡെന്റി ഒരു അനുഷ്ഠാനംപോലെ ഇങ്ങനെ ചെയ്തിരുന്നു. ഒരു തുണ്ട് കടലാസ്സ് അയാളുടെ ഗ്ലൗസിനുള്ളിൽ വയ്ക്കുക. അതിനകത്ത് എത്രാമത്തെ റൗണ്ടിൽ അലി തന്റെ എതിരാളിയെ നിലംപരിശാക്കുമെന്ന് കുറിച്ചിട്ടുണ്ടാകും. ഓർക്കണം തോൽക്കുമോ, ജയിക്കുമോ എന്നുള്ളതല്ല, എപ്പോൾ ജയിക്കുമെന്ന് പറയാൻ തക്കവിധം കൃത്യതയുണ്ടായിരുന്നു അയാളുടെ കോച്ചിന്. അത് അലിയിലുള്ള അയാളുടെ വിശ്വാസത്തിന്റെ പ്രകടനം കൂടിയാണ്. ഈ കളി ഒരിക്കലും പാഴാക്കിയിട്ടില്ല. ആ ചെറിയ കുറിപ്പ് ആ വലിയ കളിക്കാരനിൽ വളർത്തിയെടുത്ത ആത്മവിശ്വാസം പറഞ്ഞാൽ തീരുന്നതല്ല.

നമ്മിൽ ദൈവത്തിനും സഭയ്ക്കും അതിയായ വിശ്വാസം ഉണ്ട്. നമ്മുടെ സാധ്യതകൾ നമ്മേക്കാൾ അറിയുന്നത് നമ്മുടെ പരിപാലകനാണ്. ഒരു വിത്തുപോലെ ചില കാര്യങ്ങൾ അവിടുന്ന് നമ്മിൽ ഒളിപ്പിച്ചിട്ടുണ്ട്. ഉചിതമായ സാഹചര്യങ്ങളിൽ അത് മുളപൊട്ടാൻ കാത്തിരിക്കുകയാണ്.

"ലെബനോനിലെ ദേവതാരു പോലെയും ഹെർമോണിലെ സരളമരംപോലെയും എൻഗേദിയിലെ ഈന്തപ്പനപോലെയും ജറീക്കോയിലെ പിനനീർച്ചെടിപോലെയും വയലിലെ ഒലിവുമരംപോലെയും നദീതടത്തിലെ വൃക്ഷംപോലെയും ഞാൻ പുഷ്ടിപ്രാപിച്ചു (പ്രഭാ 24:13-14).

ദൈവത്തിന്റെ ജ്ഞാനത്തിന്റെയും കരുതലിന്റെയും വളർത്തലിന്റെയും പ്രതീകമായി മാറിയ തായ്‌വൃക്ഷം - ജയ്ക്രിസ്റ്റോ. പ്രഭവിതറിയും സുഗന്ധം വീശിയും ശാഖകൾ വിരിച്ചും ഫലങ്ങൾ ചൂടിയും അവൾ വിരാജിക്കുന്നു. അതിന്റെ വിത്തുകളും അതേഗുണം പ്രകടിപ്പിക്കണം. വിത്തുഗുണം പത്തുഗുണം എന്നാണല്ലോ ചൊല്ല്. ഒരേ അനുഷ്ഠാനം, ഒരേ നിയമാവലി, ഒരൊറ്റ സമൂഹം ഇതാണ് നമ്മുടെ മുഖമുദ്ര. മിശിഹായുടെ രക്ഷണീയ വേലയിൽ നമ്മുടെ പങ്ക് ഫലപ്രദമായി നിർവ്വഹിക്കാൻ കഴിവുറ്റവരാകണമെങ്കിൽ നമ്മുടെ ശക്തികളെ പുനഃസംഘടിപ്പിച്ച് കഴിവുകളെ അഭിവൃദ്ധിപ്പെടുത്തി, വീക്ഷണപരിധി വിശാലമാക്കി, പ്രവർത്തനങ്ങൾക്ക് ഉത്തേജനം നൽകണം. പ്രോവിൻസിന്റെ ആശയങ്ങളും അഭിപ്രായങ്ങളും പങ്കുവെയ്ക്കുവാൻ ജയ്ജ്വാല എന്ന ത്രൈമാസിക ഏവർക്കും പ്രചോദനമാകട്ടെ. ഇതിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സി. ഐറീൻ കുരുവിളയെയും കമ്മിറ്റി അംഗങ്ങളെയും അഭിനന്ദിക്കുന്നു. ജയ് റാണിയുടെ ജിഹ്വ - ജയ്ജ്വാല ഏവർക്കും പ്രേഷിത തീക്ഷ്ണതയിൽ കത്തിജ്ജ്വലിക്കാനും തിരുസഭാ മനോഭാവത്തിൽ ആഴപ്പെടാനും കൂട്ടായ്മയിൽ കരുത്താർജിക്കാനും ആത്മാക്കളുടെ രക്ഷ പ്രാവർത്തികമാക്കാനുമുള്ള ഒരു പ്രതലമായി മാറട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.






**സി. ലിയോണി CMC**
പ്രൊവിൻഷ്യൽ സുപ്പീരിയർ
ജയ്ക്രിസ്റ്റോ, പാലക്കാട്

## "രാജകുമാരീ, നീ നിന്റെ ജനത്തെയും, പിതൃഭവനത്തെയും മറക്കുക. അപ്പോൾ രാജാവ് നിന്റെ സൗന്ദര്യത്തിൽ ആകൃഷ്ടനാകും" (സങ്കീ. 45:10-11).

രാജാക്കന്മാരുടെ രാജാവ് വീണ്ടും ദൈവരാജ്യ വിസ്തൃതിക്കായി രാജകുമാരിമാരെ തേടി ജയ്ക്രിസ്റ്റോയുടെ പടിവാതിലിൽവന്ന് മുട്ടിവിളിച്ചു. ഇവിടെ ആളില്ല എന്നുപറഞ്ഞ് വാതിൽ കൊട്ടിയടച്ച് ഒരുമിച്ചിരിക്കാൻ സഹോദരസ്നേഹത്തിന്റെ സ്നേഹോഷ്മളത കൊതിച്ചെങ്കിലും രാജാധിരാജന്റെ വിളി അവഗണിക്കാൻ ജയ്ക്രിസ്റ്റോയ്ക്ക് കഴിഞ്ഞില്ല. ആ വിളികേട്ട് സ്വന്തം നാടും വീടും മാത്രമല്ല, വ്രതം ചെയ്ത പ്രോവിൻസിന്റെ മധുരാവകാശങ്ങളും വേണ്ടെന്നുവെച്ച് രാജകുമാരിമാർ പടിയിറങ്ങി. അതെ, ദിവ്യരക്ഷിതാവിന്റെ ചുടുനിണത്തുള്ളികളിൽ സ്ഫുടംചെയ്ത സമർപ്പണത്തിന്റെ ദീപശിഖ മാതൃഭൂമിയുടെ ചക്രവാളങ്ങൾക്കപ്പുറത്ത് തമിഴകത്ത് കത്തിജ്വലിക്കുമ്പോൾ, നെഞ്ചിലെരിയുന്ന നെരിപ്പോടിൽ വിരഹദുഃഖത്തിന്റെ വിറകടുക്കിവെച്ച് വിതുമ്പുമ്പോഴും ജയ്ക്രിസ്റ്റോ സംതൃപ്തയാകുന്നു ... കാരണം, ജയ്ക്രിസ്റ്റോയുടെ മക്കളിൽ രാജാവ് സംപ്രീതനായല്ലോ. ദിവ്യരക്ഷിതാവിന്റെ രാജ്യവിസ്തൃതി എന്ന സ്വപ്നം സഫലമായല്ലോ ... ജയ്റാണിയുടെ മടിത്തട്ടിൽ വിജയഗാഥ രചിക്കാൻ ജയ്ക്രിസ്റ്റോ തനയർ പ്രാപ്തരായല്ലോ ...

"ഇതാ ഞാൻ പുതിയ ഒരു കാര്യം ചെയ്യുന്നു. അത് മുളയെടുക്കുന്നത് നിങ്ങൾ അറിയുന്നില്ലേ? ഞാൻ വിജനദേശത്ത് ഒരു പാതയും, മരുഭൂമിയിൽ നദികളും ഉണ്ടാക്കും. എന്നെ സ്തുതിച്ചു പ്രകീർത്തിക്കാൻ ഞാൻ സൃഷ്ടിച്ചു തിരഞ്ഞെടുത്ത ജനത്തിന് ദാഹജലം നൽകാൻ മരുഭൂമിയിൽ ജലവും വിജനദേശത്ത് നദികളും ഞാൻ ഒരുക്കി ..." (ഏശ 43:19-21).

കുലദേവതകളും, വിഗ്രഹാരാധകരും വഴിതെറ്റിക്കുന്ന തമിഴ് സംസ്കാരത്തിന്റെ വിജനദേശത്ത് വിശുദ്ധ വീഥിയൊരുക്കാൻ വെള്ളവും വളവും ലഭിക്കാതെ വിശ്വാസവിത്ത് വരണ്ടുപോകുന്ന മരുഭൂമിയിൽ അനുഗ്രഹത്തിന്റെ നദികളാകാൻ ജയ്റാണി മക്കൾക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു. ദിവ്യരക്ഷിതാവിനെ ഹൃദയത്തിലും ഉദരത്തിലും സംവഹിച്ച് ആ സ്വപ്നസാക്ഷാത്കാരത്തിനായി കുന്നും മലയും ചവിട്ടിയിറങ്ങിയ പരിശുദ്ധ അമ്മ മുന്നണിയിൽ നിന്ന് ജയ്റാണിയുടെ പ്രവർത്തനമണ്ഡലങ്ങളെ ക്രമീകരിക്കട്ടെ. ഓരോ ചുവടുവെയ്പിലും പ്രാർത്ഥനയുടെ പിന്തുണയുമായി ജയ്ക്രിസ്റ്റോയുടെ മാതൃഹൃദയം നിങ്ങൾക്കൊപ്പം തുടിച്ചുകൊണ്ടിരിക്കും. ഒരിക്കൽക്കൂടി എല്ലാ പ്രാർത്ഥനാശംസകളും സ്നേഹപൂർവ്വം നേരുന്നു.



# മൾട്ടി സ്കിൽ പ്രോഗ്രാമും ഞാനും

**സി. ജോബി**

ജയ്റാണി പ്രോവിൻസിന്റെ ആരംഭത്തിൽത്തന്നെ നീയും പേയി അതുപോലെ ചെയ്യുക എന്ന സിനാക്സിസ് വിഷയം പ്രാവർത്തികമാക്കുവാൻ ലഭിച്ച പുണ്യനിമിഷങ്ങളായിരുന്നു FCC ഗുഡ് ഷെപ്പേർഡിൽ നടന്ന Multi Skill Programming and Electrical Works എന്ന വിഭാഗത്തിൽ പങ്കെടുക്കുവാൻ ലഭിച്ച അവസരം. ഉള്ളിലെ നൈസർഗ്ഗിക കഴിവുകൾ കണ്ടെത്തുവാനും അതിനെ കൂടുതൽ വളർത്തുവാനും അത് പ്രയോജനപ്പെടുത്തുവാനുമുള്ള ഒരു അവസരമായിരുന്നു. പ്രാർത്ഥനയ്ക്കും ധ്യാനാത്മക ജീവിതത്തിനും ബൈബിൾ പാരായണത്തിനും സമയം ലഭിക്കുകയും ചെയ്തു. ആധ്യാത്മികമായും ഭൗതികമായും ഈ ദിനങ്ങൾ ഏറെ പ്രയോജനകരമായിരുന്നു.

ഈ പ്രോഗ്രാമിന്റെ കോ-ഓർഡിനേറ്റർ എന്റെ നാട്ടുകാരിയും എന്റെ ആന്റിയുടെ സഭാസമൂഹത്തിൽ പെട്ട ഒരു സിസ്റ്ററുമായതിനാൽ കൂടുതൽ സ്വാതന്ത്ര്യവും പരിഗണനയും ലഭിച്ചു. സി. ദീപ്തി കോഴ്സിനുവേണ്ട എല്ലാ സഹായസഹകരണങ്ങളും ചെയ്തുതന്നു. മദർ മാർഗരറ്റ് FCC, സി. അനില (Former Director), ഡയറക്ടർ സി. റോസീന FCC എന്നിവരും ബാക്കി സിസ്റ്റേഴ്സും കോഴ്സിന് വേണ്ട കാര്യങ്ങളും ഒപ്പം ഞങ്ങളെയെല്ലാവരെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഈ കോഴ്സ് ചെയ്യുന്നതിന് മറ്റു കോൺഗ്രിഗേഷനിൽ പെട്ട സിസ്റ്റേഴ്സും, അല്മായ വിദ്യാർത്ഥികളും ഉണ്ടായിരുന്നു. ഏതു ജീവിതാന്തസ്സിൽ പെട്ടവർക്കും ചെയ്യാവുന്ന ഏതു ജോലിയും ചെയ്യാൻ സാധിക്കുമെന്ന് തെളിയിക്കുവാൻ പറ്റിയ അവസരമായിരുന്നു ഈ കോഴ്സ്. ഈ കോഴ്സിൽ ക്ലാസ്സെടുത്തത് പാണ്ഡ്യൻ സാർ ആയിരുന്നു. ഒരു പിതാവിനടുത്ത വാത്സല്യത്തോടും ഗുരുവിനടുത്ത നിശ്ചയദാർഢ്യത്തോടുംകൂടെ പ്രോത്സാഹിപ്പിക്കേണ്ടത് പ്രോത്സാഹിപ്പിച്ചും തിരുത്തേണ്ടത് തിരുത്തിയും ഞങ്ങളെ വളർത്തുന്നതിൽ ഏറെ ശ്രദ്ധേയനായിരുന്നു അദ്ദേഹം. ജീവിതത്തിലെ ഏതു നിമിഷവും ധീരതയോടുകൂടി നേരിടാനും ഏതുജോലിയും സൂക്ഷ്മതയോടെ ചെയ്യുവാൻ വേണ്ട പ്രചോദനം നൽകുന്നതായിരുന്നു ഈ കോഴ്സ്.

FCC സിസ്റ്റേഴ്സിന്റെ കൂടെയുള്ള ജീവിതം സന്തോഷത്തിന്റെയും പങ്കുവെയ്ക്കലിന്റെയും ഒരു അനുഭവമാക്കുവാൻ കഴിഞ്ഞു. ഇതിന് അവസരം നൽകിയ പ്രൊവിൻഷ്യാളമ്മയ്ക്കും കൗൺസിലേഴ്സിനും നന്ദി ...



# നമുക്കും ഒന്ന് പരിശ്രമിച്ചാലോ?

**സി. ട്രീന**

സൃഷ്ട പ്രപഞ്ചത്തെ ദൈവസൃഷ്ടിയാണെന്ന് കരുതി പരിപാലിക്കാം
നദികളെ ദൈവത്തിന്റെ നീരുറവകളായി കാണാം
ഹൃദയമുള്ളിടത്തോളംകാലം ദൈവത്തെ സ്നേഹിക്കാം
കൈയ്യുള്ളിടത്തോളംകാലം നന്മ ചെയ്യാം
നാവുള്ളിടത്തോളംകാലം നന്മ പറയാം
ബുദ്ധിയുള്ളിടത്തോളംകാലം നന്മ പഠിക്കാം
കണ്ണുള്ളിടത്തോളംകാലം നന്മ കാണാം
ചെവിയുള്ളിടത്തോളംകാലം നന്മ കേൾക്കാം
അതിഥികളെ ദൈവത്തെപ്പോലെ സ്വീകരിക്കാം
അവശരെയും രോഗികളെയും ദൈവത്തിന്റെ മക്കളായി കാണാം.



## സ്വർഗ്ഗീയതീരത്തേയ്ക്ക് ...

| | | |
|---|---|---|
| സി. പ്രിയ റോസ് | പിതാവ് | 25.05.2022 |
| സി. റൂബി | സഹോദരൻ | 29.05.2022 |
| സി. ആഞ്ചലൂസ് | സഹോദരൻ | 01.08.2022 |
| സി. ജെസ്ന | പിതാവ് | 03.08.2022 |



# "നീയും പോയി അതുപോലെ ചെയ്യുക"

**സി. ടെറസിറ്റ**

വാക്കുകൾക്ക് വിസ്മയനീയമാംവിധം മനുഷ്യനെ സ്വാധീനിക്കാനാവും. എന്നാൽ പ്രവർത്തികൾക്കോ മനുഷ്യന്റെ അന്തരാത്മാവിനെ സ്വാധീനിച്ച് അവനിൽ സ്ഥായിയായ രൂപാന്തരം വരുത്താനാകും. എന്റെ കഥ ഞാനിവിടെ കുറിക്കട്ടെ. ഞാനൊരു യഹൂദനായിരുന്നു. യഹോവയുടെ സഹായത്താൽ ഒരുപാട് കഷ്ടപ്പെട്ട് കുറേ ധനം സമ്പാദിച്ചു. സമ്പാദിച്ചുകൂട്ടിയ പണവും മറ്റു വിലപിടിച്ച വസ്തുക്കളുമായി ജീവിതം ആസ്വദിക്കണമെന്ന മോഹവുമായി ഞാൻ ജറീക്കോയിലേക്ക് യാത്ര പുറപ്പെട്ടു. ജറീക്കോയിലേക്കുള്ള വഴി അപകടങ്ങൾ നിറഞ്ഞതാണെന്ന് പലരും പറഞ്ഞിരുന്നു. എങ്കിലും യഹോവയെ മനസ്സിൽ ധ്യാനിച്ച് ഞാൻ എന്റെ യാത്ര തുടർന്നു. അന്ധകാരം നിറഞ്ഞ സായാഹ്നം. ഉള്ളിന്റെയുള്ളിൽ ഭീതി എന്നെ ഗ്രസിച്ചുതുടങ്ങി. വഴിയിൽ ആരുമില്ല. യഹോവേ എന്നെ കാത്തുകൊള്ളണെ എന്ന പ്രാർത്ഥനയോടെ ഞാൻ എന്റെ യാത്ര തുടർന്നു. പൊടുന്നനെയാണത് സംഭവിച്ചത്. കൊള്ളക്കാരുടെ ഒരു സംഘം എന്നെ വളഞ്ഞു. അവർ എന്നെ മർദ്ദിച്ചവശനാക്കി. എന്റെ ഭാണ്ഡവും സമ്പാദ്യങ്ങളുമെല്ലാം തട്ടിയെടുത്തു. നിസ്സഹായനായി ഞാൻ മുറിവേറ്റ് അവശനായി ആ പാതയോരത്ത് വീണുകിടക്കുന്നു. എന്റെ ജീവിതകാലം മുഴുവൻ അദ്ധ്വാനിച്ചുണ്ടാക്കിയ സമ്പാദ്യം മുഴുവൻ എനിക്കു നഷ്ടപ്പെട്ടു. ഇനി എങ്ങനെ ഞാൻ ജീവിക്കും! ഒരു നാണയത്തുട്ടുപോലും എന്റെ കയ്യിൽ അവശേഷിച്ചില്ല. എന്റെ ദേഹമാസകലം മുറിവുകൾ. ചോരയിൽ മുങ്ങിക്കിടക്കുന്ന എന്നെയൊന്ന് രക്ഷിക്കാൻ ആരെങ്കിലും ഈ വഴി വന്നിരുന്നെങ്കിൽ! ഇനിയും എത്രനേരം ഞാൻ ഈ വഴിയോരത്ത് അവശനായി കിടക്കണം.

വേദനകൊണ്ട് ശരീരം നുറുങ്ങുന്നു. നേരം ഇഴഞ്ഞുപൊയ്ക്കൊണ്ടിരുന്നു. നേരം പുലരാറായി. ഓ! എന്റെ ദൈവമേ എന്നിൽ കനിയണമെ എന്ന പ്രാർത്ഥനയുമായി ആ വഴിയോരത്ത് വേദന സഹിക്കാൻ കഴിയാതെ ഞാൻ വിങ്ങി വിങ്ങി കരഞ്ഞു. കുറച്ചുനേരം കഴിഞ്ഞപ്പോൾ ഏതോ ഒരാൾ നടന്നുവരുന്ന ശബ്ദം. ഓ രക്ഷപ്പെട്ടു. അയാൾ ഒരുപക്ഷെ എന്നെ സഹായിച്ചേക്കും. അടികൊണ്ട് വിങ്ങിവീർത്ത കണ്ണുകൾ പാതി തുറന്നിരുന്നു. വളരെ ആയാസപ്പെട്ട് ഞാൻ നോക്കി. എന്തെങ്കിലും സഹായം എനിക്കു ലഭിക്കുമോ? ആ വരുന്നയാൾ ദേവാലയത്തിലെ പുരോഹിത നാണല്ലോ. ദൈവത്തിന്റെ അഭിഷിക്തൻ. അദ്ദേഹം എന്നെ രക്ഷിക്കുമായിരിക്കും. പക്ഷെ ആ കാലൊച്ച അകന്നുപോയി. ഒരുപക്ഷെ അദ്ദേഹം എന്നെ കണ്ടിട്ടുണ്ടാവില്ല. ദൈവമേ എത്രനേരമായി ഞാനിവിടെ നിസ്സഹായനായി കിടക്കുന്നു. മരിക്കുന്നതിനുമുമ്പ് എന്നെ രക്ഷിക്കാൻ ആരെയെങ്കിലും അയയ്ക്കണമെ. അധികനേരം കഴിഞ്ഞില്ല വേറൊരാൾ നടന്നുവരുന്നതിന്റെ ശബ്ദം. ഓ! ദൈവം എന്റെ പ്രാർത്ഥന കേട്ടു. ഈ മനുഷ്യൻ എന്നെ സഹായിക്കുമായിരിക്കും. അവൻ എന്റെ അടുത്തു വരുന്നതായി ഞാൻ കണ്ടു. ദേവാലയശുശ്രൂഷയ്ക്കെത്തുന്ന ലേവായനല്ലേ ഇത്. എന്നെ സൂക്ഷിച്ചു നോക്കിയശേഷം അയാൾ പിന്തിരിഞ്ഞു നടന്നു. മരിച്ചവനെപ്പോലെയുള്ള എന്റെ കിടപ്പുകണ്ട് മൃതദേഹമാണെന്നയാൾ കരുതിക്കാണണം. മൃതദേഹത്തെ സ്പർശിച്ചാൽ അയാൾ അശുദ്ധ നാകുമല്ലോ. ഇന്നത്തെ ശുശ്രൂഷയിൽ പങ്കെടുക്കാൻ പറ്റില്ലല്ലോ എന്ന ചിന്ത അവനെ ഗ്രസിച്ചി രിക്കും. എന്റെ ദൈവമേ എന്റെ ദൈവമേ എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു? എന്റെ ദുർവിധി യോർത്ത് ഞാൻ കരഞ്ഞു. അല്പനേരത്തിനുശേഷം ഒരു മൃഗത്തിന്റെ കാലടികൾ എന്നെ സമീപിക്കുന്നതായി തോന്നി. സാവധാനം സൂക്ഷിച്ചുനോക്കിയപ്പോൾ കഴുതപ്പുറത്തിരിക്കുന്ന ഒരു സമരിയാക്കാരൻ ... എന്റെ വംശത്തിന്റെ ശത്രു. അവൻ എന്നെ സമീപിക്കുന്നത് എന്തിനായിരിക്കും? അയാൾ കഴുതപ്പുറത്തുനിന്നിറങ്ങി എന്റെ അടുത്തേയ്ക്ക് വന്നു. എന്നെ കൈകളിലെടുത്ത് വൃത്തിയാക്കി, മുറിവുകൾ കെട്ടി. പിന്നെ കൈകളിൽ താങ്ങിയെടുത്ത് ആ മൃഗത്തിന്റെ പുറത്തുവെച്ച് അടുത്ത സത്രത്തിലെത്തിച്ചു. ഇനിയും തീർന്നില്ല അവന്റെ കരുണ. സത്രം സൂക്ഷിപ്പുകാരന്റെ കയ്യിൽ പണം കൊടുത്തിട്ട് പറഞ്ഞു: ഇവനെ നന്നായി നോക്കണം. തികയാതെ വന്നാൽ ഞാൻ തിരിച്ചുവരുമ്പോൾ തന്നുകൊള്ളാം. ഓ! ദൈവമേ എത്ര വലിയ സ്നേഹം. എന്തൊരു ഔദാര്യം. ഒരു ശത്രുവായി ഞാൻ കരുതിയവൻ എന്നോട് ഉറ്റമിത്രത്തെപ്പോലെ പെരുമാറുന്നു. ഒരു സഹോദരനെപ്പോലെ എന്നെ സഹായിക്കുന്നു. എന്റെ ആവശ്യത്തിൽ എന്നെ സഹായിക്കുന്ന ഏറ്റവും നല്ല അയൽക്കാരൻ. എനിക്കു ജീവിതം തിരിച്ചുതന്നവൻ. ദൈവമേ നന്ദി. ഇനി എന്റെ ജീവിതശൈലിയും ഇതായിരിക്കണം. ആവശ്യത്തിലിരിക്കുന്നവനെ സഹായിക്കുന്ന ഒരു നല്ല അയൽക്കാരനായി ഒരു നല്ല സ്നേഹിതനായി ഞാൻ മറ്റുള്ളവരെ ശുശ്രൂഷിക്കും. എന്റെ അന്തരംഗം എന്നോടു മന്ത്രിച്ചുകൊണ്ടിരുന്നു "നീയും പോയി അതുപോലെ ചെയ്യുക" ദൈവമേ ഞാനിവിടെ നിന്നിറങ്ങുന്നത് ഒരു പുതിയ മനുഷ്യനായിട്ടാണ്. നിനക്കായി ഞാൻ ശുശ്രൂഷ ചെയ്യും. അങ്ങയുടെ സ്നേഹജ്വാലയായ് എന്നെ രൂപാന്തരപ്പെടുത്തിയാലും.



# ദൈവസാന്നിധ്യത്തിന്റെ ഗിരികൂടാരം: സമർപ്പിത

**സി. അനു ഡേവിസ്**

***"You were within me, but I was outside and it was there that I searched for you" - St. Augustine***

സ്വർഗ്ഗം സാന്ദ്രമായ ഒരിടമാണ് ദൈവം എന്നെ അറിയുന്നതുപോലെ എനിക്കവിടത്തെയും തെളിമയോടെ അറിയാനുള്ള ഇടം. ഏതൊരു മതത്തിന്റെയും പ്രഥമ നിയോഗം മനുഷ്യനെ സ്വർഗ്ഗത്തിലേക്ക് നയിക്കുകയല്ല, മറിച്ച് സ്വർഗ്ഗം അവനുള്ളിലെത്തിക്കുകയാണ് എന്ന തോമസ് ഹാർഡിയുടെ വാക്കുകൾ ഈ സമയം ഓർത്തുപോവുകയാണ്. എങ്കിൽ സന്യാസം സ്വർഗ്ഗമല്ലേ! സമർപ്പിത ദൈവത്തിന്റെ നിഴലല്ലേ! ഈ ജീവിതയാത്രയിൽ എപ്പോഴെങ്കിലും ദൈവത്തെ കണ്ടുമുട്ടുവാനായിട്ടുണ്ടോ? ദൈവസാന്നിദ്ധ്യം നമ്മെ തഴുകിയിട്ടുണ്ടോ?

ദൈവത്തെ കണ്ടുമുട്ടുവാനുള്ള വഴികളിലൊന്ന് അവിടുത്തെ സമീപിക്കുക. രണ്ട്, ദൈവത്തിന്റെ മുഖദർശനത്തിനായി തീവ്രമായി ദാഹിക്കുക എന്നതാണ്. കാരണം, വിശുദ്ധ ഗ്രന്ഥം നമുക്ക് മുന്നിൽ വരച്ചുകാട്ടുന്നത് ശാഠ്യം പിടിക്കുന്നവരുടെ മുൻപിൽ മുട്ടുമടക്കുന്ന ഒരു ദൈവത്തെയാണ്. നീ എന്നെ അനുഗ്രഹിക്കണമെന്ന് നിർബന്ധം പിടിച്ച യാക്കോബിന്റെ മുമ്പിൽ ദൈവം മുട്ടുമടക്കി. അവനെ അനുഗ്രഹിച്ചു. കണ്ടേ വിശ്വസിക്കൂ എന്ന് ശാഠ്യം പിടിച്ച തോമസിന്റെ നിർബന്ധത്തിന് പുനരുത്ഥാനം ചെയ്തവൻ അതിനായി തന്റെ കൈകൾ നീട്ടിക്കൊടുത്തു. കർത്താവിനെ കാണാൻവേണ്ടി സിക്കമൂർ മരത്തിന്റെ മുകളിൽ കയറിയിരുന്ന സക്കേവൂസിനോടൊപ്പം, ഭവനത്തിൽ ഭക്ഷണത്തിൽ പങ്കുചേർന്ന് ആ കുടുംബത്തിന് രക്ഷ പ്രദാനം ചെയ്തു.

പൊയ്മുഖങ്ങളില്ലാതെ, ഞാനായിരിക്കുന്ന അവസ്ഥ തുറന്നുകാണിക്കുന്നവന്റെ മുമ്പിൽ അവന്റെ ശാഠ്യങ്ങൾക്കുമുന്നിൽ എന്നും ദൈവം അവതരിച്ചിട്ടുണ്ട്, അനുഗ്രഹിച്ചിട്ടുണ്ട്, രൂപാന്തരീകരിച്ചിട്ടുണ്ട്.

മനുഷ്യന്റെ കണ്ണീരൊപ്പാൻ ദൈവം നൽകുന്ന തൂവാലയാണ് ദൈവവിളിയും സമർപ്പിതരും. മോഹിച്ചതൊന്നും സ്വന്തമാക്കാതെ പ്രിയപ്പെട്ടതെല്ലാം വിട്ടുകൊടുത്തുകൊണ്ട് "നിന്നെ മാത്രം മതി"യെന്ന് മനസ്സിൽ ഉറപ്പിച്ച്, ഈ ജീവിതംകൊണ്ട് പൂർത്തിയാകേണ്ട ദൂതും ദൗത്യവു മായിറങ്ങുന്നവരാണ് ഓരോ സമർപ്പിതയും. ഇന്നലെയെക്കുറിച്ച് ആകുലതകളില്ലാതെ ഇന്നിനെ ക്കുറിച്ച് മുൻവിധികളില്ലാതെ നാളെയെക്കുറിച്ച് കരുതലുകളില്ലാതെ ദൈവത്തിന്റെ കൂടെയുള്ള ജീവിതം. എങ്കിലും നമ്മുടെ യാത്രകളൊക്കെ എപ്പോഴും ഉള്ളിൽനിന്നും പുറത്തേക്കാണ്. അതു കൊണ്ടുതന്നെ ആ അലച്ചിലുകൾ ഒരു ലക്ഷ്യവുമില്ലാതെ ശൂന്യതയിൽ അവസാനിക്കുന്നു. അക താരിലേക്കുള്ളതാകണം സ്വർഗ്ഗത്തിലേക്കും ദൈവത്തിലേക്കുമുള്ള യാത്രകൾ.

സമർപ്പണം! അത്, ജീവിതത്തിലൊരിക്കൽ മാത്രം ദൈവസന്നിധിയിൽ നിർവ്വഹിക്കുന്ന വാഗ്ദാനമല്ല, അത് ഒരു സന്നദ്ധത പ്രകടിപ്പിക്കലാണ്. അനുനിമിഷം നടക്കേണ്ടതാണ്. വീഴ്ചയുടെ എണ്ണമോ താഴ്ചയുടെ എണ്ണമോ അല്ല പ്രധാനം. എഴുന്നേൽക്കുവാൻ നീ ശ്രമിക്കുന്നുവോ എന്നുമാത്രമാണ് ദൈവം നമ്മിൽ നോക്കുന്നത് പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു. "നിങ്ങളുടെ ദൈവവിളിയെപ്പറ്റി തന്നെ ചിന്തിക്കുവിൻ" ഹൃദയംകൊണ്ട് ദൈവത്തിന്റെ സ്വന്തവും സമർപ്പണംകൊണ്ട് ലോകത്തിന്റെ സ്വന്തവുമാകാൻ നാം കടപ്പെട്ടിരിക്കുന്നു.

സൂഫി സന്യാസിനി റാബിയ കൂടാരത്തിനുള്ളിൽ മണിക്കൂറുകൾ അടച്ചിരിക്കുന്നതുകണ്ട് ഹുസൈൻ അവളോട് പറഞ്ഞു: "വരിക പുറത്തെ വെട്ടത്തിലേക്ക് വരിക" എന്നാൽ അവൾ പറഞ്ഞു: "അകത്തെ വെട്ടമറിഞ്ഞ എനിക്ക് പുറത്തെ വെട്ടം എത്ര നിസാരം." ഉള്ളിൽ ദൈവസാന്നിധ്യത്തിന്റെ ആനന്ദം അനുഭവിക്കുന്നവർക്ക് ഈ ജീവിതം സ്വർഗ്ഗമാണ്. ക്രിസ്തുവിനെ ഹൃദയത്തിലും സിരകളിലും ഏറ്റുവാങ്ങിയതിന്റെ ആനന്ദം അനുഭവിക്കുവാനുള്ള ക്ഷണമാണ് ഓരോ വിളിയും. സ്വർഗ്ഗം സാന്ദ്രമായ ഇടമാണ്. ഉള്ളിലെ ദൈവസാന്നിധ്യത്തെ അനുഭവിച്ചുകൊണ്ട് നമ്മുടെ ഹൃദയത്തെ സന്ദ്രമാക്കാം. ജീവിതത്തെ സ്വർഗ്ഗമാക്കാം. അതിലേക്കുള്ള കർമ്മചുവടുകളാകട്ടെ കർമലയിലെ നമ്മുടെ ജീവിതം ... നമ്മുടെ ജീവിതത്തെ ലഹരിപിടിപ്പിക്കുന്ന അനുഭവമാകട്ടെ, ദൈവസാന്നിദ്ധ്യത്തിന്റെ നിറവ്! പ്രക്ഷുബ്ദ്ധമായ ഈ ലോകത്തിൽ, അങ്ങനെ നമ്മുടെ നിഴൽ അഭിഷേകത്തിന്റെ രശ്മികൾ പകരട്ടെ ...



# A Hymn of Gratitude

*In everything*
*give thanks;*
*For this is the will of God in Christ Jesus*
*concerning you" (1 Thes 5:18).*

**Sr. Joe Serene**

Exult Carmel, and sing Lord's mighty deeds
Love and gratitude swells and lingers in my mind and heart
The fonder memories of my forty years in Carmel
The brilliant Ruby years of wisdom and service.

It is the time to give praise and thanks to the Triune God
And to my Mother Mary who nurtured me with her mystic hand
It is the time of prayer, a time of gratitude
Recalling the blessings that unlocks the fullness of Life.

Lord, you have strengthened me and behold my hand
And guided me throughout as the protector and comforter,
Along these years of grace and service in building up the church
I count my blessings and name them one by one.

Experiences made me meek and humble
Illness and sufferings taught me not to grumble
Burdens plenty, but I didn't crumble
Prayer and fasting made my faith so noble.

Weakness and fallings never made me stumble
In my strivings for the Eternal goals
And the victories I have won brought me light and life in Carmel
Still with bliss and happiness ...

Lord, you redeemed me from my faults
And I offer my respectful obeisance unto you
The creative sparks of yours gives me the power
Of both the integration and her the renewal of my life

Conveying gratitude to the people around
Fills my life with contentment and
Living for others gives me peace and gratified life
Having a positive impact upon the lives of many.

So let me exult and sing this hymn
With bounteous showers from above
With joy, laughter, triumphs and cheers
And live in continual gratitude towards God and my fellow beings.



## സമയരായ ചിന്തകൾ

ചില മരങ്ങളുണ്ട് സ്വയം വെയിൽകൊണ്ട് മറ്റുള്ളവർക്ക് തണൽ നൽകും. കല്ലെറിഞ്ഞാലും തിരിച്ചുനൽകുന്നത് പഴങ്ങളായിരിക്കും. നമ്മുടെ കൂട്ടത്തിലുമുണ്ട് ചില നന്മ മരങ്ങൾ. കഷ്ടപ്പെടുന്നവരുടെ കണ്ണീരൊപ്പാനും ജീവിതപാതയിൽ കാലിടറിവീണവർക്ക് താങ്ങും തണലുമാവാനും ശ്രദ്ധ കാണിക്കുന്നവർ. കഷ്ടപ്പെടുന്ന സഹജീവികൾക്ക് സാന്ത്വനമേകാനും, തണലേകാനും തന്നെയാണ് ദൈവം അവന്റെ പ്രതിനിധികളായി ഈ ലോകത്ത് മനസ്സിൽ കാരുണ്യം കുടികൊള്ളുന്നവരെ പറഞ്ഞയച്ചിട്ടുള്ളത്. ഒരു പുഞ്ചിരി കൊണ്ടെങ്കിലും നമ്മുടെ സഹജീവികൾക്ക് സാന്ത്വനമേകുക. രാത്രിയുടെ അന്ത്യയാമങ്ങളിലും ഉറക്കം വരാതെ നോവുതിന്നുന്ന മനുഷ്യജന്മങ്ങളെ ഒന്നാശ്വസിപ്പിക്കാൻ നമ്മുടെ ഇടപെടലുകൾക്കാകണം. കാരുണ്യം ഒരു ഉറവയായി നമുക്കിടയിൽ പരന്നൊഴുകട്ടെ.



# 'തായ്മക്കളിറങ്ങട്ടെ തമിഴകമുണരട്ടെ'


**സി. സിനി**

രണ്ടാം വത്തിക്കാൻ കൗൺസിൽ സമാഹ്വാന പ്രഖ്യാപനം നടത്തിക്കൊണ്ട് വിശുദ്ധ ജോൺ 23-ാമൻ പാപ്പ പറഞ്ഞു: "It is time to open the windows and let in some fresh air". സുവിശേഷം അതിന്റെ തനിമയിൽ ജീവിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത ആദിമ ക്രൈസ്തവ സമൂഹത്തിൽനിന്ന് സഭ വളരുകയും ലോകമാകെ പടരുകയും ചെയ്തു എന്ന് ചരിത്രം സാക്ഷിക്കുന്നു. എന്നാൽ സമ്പത്തും അധികാരവും സുഖലോലുപതയും രാഷ്ട്രീയ ബാന്ധവങ്ങളും സഭയിൽ നുഴഞ്ഞുകയറിയപ്പോൾ ആധുനിക ലോകത്തോട് ആധികാരികതയോടെ സംവദിക്കാൻ സഭയ്ക്ക് സാധിക്കാതെവന്നു. ഈ പശ്ചാത്തലത്തിലാണ് പാപ്പ രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടിയത്. കൗൺസിലിന്റെ ഈ നവീകരണചൈതന്യം തന്നെയാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച സിനഡാത്മകതയിലും തെളിയുന്നത്. അതിന്റെ ആന്തരികസത്ത ആവാഹിച്ചെടുക്കുമ്പോൾ ഒത്തുചേർന്ന് ഒരുമിച്ച് നടക്കുക എന്ന ആദിമ സഭാകൂട്ടായ്മയുടെ ആത്മീയചൈതന്യം വീണ്ടും സഭാസംവിധാനങ്ങളിലും സഭാസമൂഹങ്ങളിലും സഭാതനയരിലും ദൃഢതരമാക്കപ്പെടുകയും ഫലപ്രാപ്തിയിലെത്തുകയും ചെയ്യും. ഇതിന് ഭാരതത്തിന്റെ ആത്മാവിനെ ഉൾക്കൊണ്ടും, സുവിശേഷമൂല്യങ്ങളിൽനിന്ന് വ്യതിചലിക്കാതെയും കാലത്തിന്റെ അടയാളങ്ങൾ വായിച്ചെടുത്തും സമർപ്പണബോധത്തോടെ മുന്നേറുകയാണാവശ്യം.

തമിഴകത്തിന്റെ സാംസ്കാരിക നാഗരിക ഉൾഭാവങ്ങളിലേയ്ക്ക് ക്രിസ്തുസന്ദേശവുമായി പരന്നൊഴുകാനുള്ള ആവേശത്തോടെ ജയ്റാണി മക്കൾ ഒരുമയുടെ അച്ചുതണ്ടിൽ കറങ്ങി തുടങ്ങിയിരിക്കുന്നു. സാംസ്കാരികാനുരൂപണം ക്രിസ്തുഭാവങ്ങളിൽ ചാലിച്ചെടുത്ത് നാം പകരുമ്പോൾ അതിന് പത്തരമാറ്റിന്റെ തിളക്കമുണ്ടാകും. നമുക്കു കുതിക്കാം. കർമ്മലയാകുന്ന പുണ്യഗിരിയിൽനിന്ന് അവിരാമമൊഴുകുന്ന കൃപാനിർജ്ജരിയിൽ മുങ്ങിക്കുളിച്ച്, ഏലീഷായെ

പോലെ ഇരട്ടി പങ്ക് ആവാഹിച്ചെടുത്ത്, ദർശനസായൂജ്യത്തിന്റെയും ദൈവജന ശുശ്രൂഷയുടെയും സംശുദ്ധ സമർപ്പണത്തിലൂടെ നമ്മിലൂടെ വിണ്ണിലേയ്ക്കുയരേണ്ട മക്കളെ നമുക്ക് സദാ കൺ മുൻപിൽ ദർശിക്കാം. അങ്ങനെ ജയ്റാണിക്കായി നിറമുള്ള സ്വപ്നങ്ങൾ കാണാനും നിറവേറ്റാനും സജ്ജരായ, സന്നദ്ധരായ കൃപാനിറവുള്ള തായ്തമിഴ് മക്കളാകാൻ നമുക്ക് ഒരുമയോടെ കൈകോർത്ത് ഒന്നിച്ചുനീങ്ങാം, ഒന്നിച്ചുപാടാം.

*'ജയിക്കട്ടെ ജയിക്കട്ടെ ജയ്റാണി ജയിക്കട്ടെ*
*പടരട്ടെ പടരട്ടെ ജയ്ജ്വാല പടരട്ടെ*
*വളരട്ടെ വളരട്ടെ ദൈവരാജ്യം വളരട്ടെ*
*ഉണരട്ടെ ഉണരട്ടെ തമിഴകമുണരട്ടെ.'*





Art by
Sr Aneeta



# അവർണ്ണനീയമായ ദാനത്തിന് നന്ദി!

**സി. നവീന**

ദൈവം ദാനമായി നൽകിയ ഈ ജീവിതത്തെ ഓർത്ത് നല്ല തമ്പുരാന് നന്ദി പറയുന്നു. ദൈവം തെളിച്ച വഴികളെക്കുറിച്ച് ഓർക്കുമ്പോൾ അത്ഭുതം തോന്നുന്നു. വരാക്കരയിൽ (തൃശ്ശൂർ) നിന്ന് പള്ളിക്കുന്ന് സ്ക്കൂളിൽ വന്ന് 10-ാം ക്ലാസ്സുവരെ പഠിച്ചു. തുടർന്ന് Pre degree, B.A. വിമല കോളേജിലും പൂർത്തിയാക്കി. അതിനുശേഷം L.F. School-ൽ ജോലി ചെയ്തുകൊണ്ടിരിക്കെ ഒരു മിഷനറി ആകണം എന്ന ആഗ്രഹം മനസ്സിൽ ഉണ്ടായി. അന്ന് കുണ്ടുകുളം പിതാവിന്റെ നേതൃത്വത്തിൽ വിളങ്ങാടനച്ചൻ ജർമ്മനിയിലേക്ക് മിഷനറിമാരാകാൻ കുട്ടികളെ കൊണ്ടുപോയിരുന്നു. പിതാവിന്റെ അന്നത്തെ ഓഫീസ് സെന്റ് ആൻസ് കോൺവെന്റിൽ ആയിരുന്നു. വലിയ ആഗ്രഹത്തോടെ ഫോം വാങ്ങാനും പേരുകൊടുക്കാനുംവേണ്ടി ഞാൻ സെന്റ് ആൻസ് മഠത്തിൽ ചെന്നപ്പോൾ എന്റെ അമ്മായി സി. ഏലീശ്വ CMC വേറെ എന്തോ ആവശ്യത്തിന് അവിടെ വന്നിരുന്നു. നീ ഇപ്പോൾ ജർമ്മനിയിലേക്ക് പോവണ്ട. നാട്ടിലുള്ള മഠത്തിൽ ചേർന്ന് മിഷനറിയാകാം എന്നു പറഞ്ഞു. അമ്മായിയുടെ നിർദ്ദേശപ്രകാരം ആ വർഷം തന്നെ കോലഴി മഠത്തിൽ ഞാൻ ചേർന്നു. ഇന്ന് 50 വർഷം പിന്നിട്ടുനിൽക്കുമ്പോൾ എന്റെ ആഗ്രഹമനുസരിച്ച് ദൈവം മിഷനറിയായി എന്നെ ആഫ്രിക്കയിൽ കൊണ്ടുപോയതും തുടർന്നുള്ള ഓരോ കാൽവെയ്പും ദൈവം കൈപിടിച്ച് നടത്തിയ അനുഭവമായിരുന്നു. ജീവിത വഴിത്താരയിൽ താങ്ങായി, തണലായി, കൂട്ടായി നിന്ന എല്ലാവരെയും ഓർക്കുന്നു. നന്ദിയോടെ പ്രാർത്ഥിക്കുന്നു.

***'ദൈവം തന്നതല്ലാതൊന്നും ഇല്ലയെന്റെ ജീവിതത്തിൽ***
***ദൈവത്തിന്റെ സ്നേഹംപോലെ മറ്റൊന്നില്ല പാരിടത്തിൽ.'***




*"നിങ്ങൾ എന്നെ അന്വേഷിക്കുക. പൂർണ്ണ ഹൃദയത്തോടെ അന്വേഷിക്കുമ്പോൾ എന്നെ കണ്ടെത്തും" (ജറെമിയ 29:13).*

**സി. ജോ സെറിൻ**

പിന്നിട്ട നാല്പതു വർഷങ്ങൾ തിരിഞ്ഞുനോക്കുമ്പോൾ മനസ്സിൽ നന്ദിയുടെ സ്മരണകൾ മാത്രം ... വീടുവിട്ട് ഇറങ്ങിയതു മുതൽ ഇന്നോളം എന്റെ ഈശോ കൂടെ നടന്ന അനുഭവങ്ങൾ ... വ്യക്തമായി തന്നെ വെളിപ്പെടുത്തിത്തന്ന അവസരങ്ങൾ ... മണവാളന്റെ സഹനത്തിൽ പങ്കുചേരാൻ നൽകിയ നിമിഷങ്ങൾ ... ഒപ്പം വചനം നൽകി ശക്തിപ്പെടുത്തിയ സാഹചര്യങ്ങൾ ...

2014 ഡിസംബർ 13-ാം തിയ്യതി Amritha Institutes of Medical Science and Reserch Centre ൽ Critical Stage -ൽ കിടക്കുമ്പോൾ ഞാൻ ഈശോയോട് ചെയ്ത ഉടമ്പടി നവീകരിച്ച് അപേക്ഷിച്ചു: 'ഈശോയെ, CMC യിൽ ജീവിക്കാൻ നീ എന്നെ അനുവദിക്കുന്നെങ്കിൽ അങ്ങയെ മഹത്വപ്പെടുത്തി ജീവിക്കാനുള്ള കൃപ എനിക്ക് നൽകണമെ. അല്ലെങ്കിൽ എത്രയും വേഗം ഈ നിമിഷം എന്റെ ആത്മാവിനെ നീ എടുക്കണമെ'യെന്ന് പ്രാർത്ഥിച്ചു. വിളിക്കും മുൻപേ ഞാൻ അവർക്ക് ഉത്തരമരുളും, പ്രാർത്ഥിച്ചുതീരും മുൻപേ ഞാൻ അത് കേൾക്കും" (ഏശയ്യ 65:24). അതെ, അപേക്ഷിച്ചുതീരും മുമ്പേ വിളികേട്ട ഈശോ അന്ന് കണ്ടിരുന്നു, ജയ്റാണി പ്രോവിൻസിലെ 73 അംഗങ്ങളിൽ 22-ാമത്തെ അംഗമായി ഞാൻ വ്യാപരിക്കുന്നത്.

പ്രാർത്ഥന, സഹന ശുശ്രൂഷ എന്നിവയിലൂടെ ഈശോയെ കണ്ടെത്തി അവിടുത്തെ മഹത്വം ദർശിച്ചപ്പോൾ പിന്നീടുള്ള ജീവിതം ഞാൻ അവിടുത്തേയ്ക്ക് പൂർണ്ണമായി സമർപ്പിച്ചു.

സഹനത്തിലൂടെ മഹത്വത്തിലേക്ക് പ്രവേശിച്ച കർത്താവിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞു. സഹനത്തിന്റെ മഹത്വം തിരിച്ചറിഞ്ഞപ്പോൾ അവയെ നന്ദിപൂർവ്വം സ്വീകരിക്കാനും അവയിൽ ആനന്ദിക്കുവാനും എനിക്കു കഴിഞ്ഞു.

യേശുവേ അങ്ങേയ്ക്ക് മഹത്വം

യേശുവേ അങ്ങേയ്ക്ക് സ്തുതി

യേശുവേ അങ്ങേയ്ക്ക് നന്ദി.




# പിന്നിട്ട വഴികളിലൂടെ ...

സി. റോസ് മേരി

പിന്നിട്ട 40 വർഷങ്ങളിലേയ്ക്ക് തിരിഞ്ഞുനോക്കുമ്പോൾ ഹൃദയം സങ്കീർത്തകനോടൊപ്പം മന്ത്രിക്കുന്നു. ദൈവമായ കർത്താവ് എത്ര അത്ഭുതങ്ങൾ എന്റെ ജീവിതത്തിൽ പ്രവർത്തിച്ചു. എന്റെ കാര്യത്തിൽ അവിടുന്ന് എത്ര ശ്രദ്ധാലുവായിരുന്നു. ഞാൻ അവ വിവരിക്കാനും പ്രഘോഷിക്കാനും തുടങ്ങിയാൽ അവ അസംഖ്യമാണല്ലോ.

മാതൃഭക്തിയിൽ മുൻപന്തിയിൽ നിന്നിരുന്ന ഒരമ്മയുടെ മൂന്നാമത്തെ മകളായി ഞാൻ ജനിച്ചു. രോഗിയായിരുന്നെങ്കിലും ദീർഘദൂരം നടന്ന് വിശുദ്ധ കുർബാനയ്ക്ക് പോകാനുള്ള അമ്മയുടെ തീക്ഷ്ണത എന്നെ അത്ഭുതപ്പെടുത്തിയിരുന്നു. ഞങ്ങൾ കുട്ടികൾ കൂട്ടുകാരുമൊത്ത് ആടിപ്പാടി കളിച്ച് കുർബാന തുടങ്ങുന്നതോടെ മാത്രമാണ് പള്ളിയിൽ എത്തിയിരുന്നത്. പക്ഷേ അമ്മ വിലപിടിച്ചതെന്തോ അവിടെ തന്നെ കാത്തിരിക്കുന്നു, അത് ലഭിക്കണം എന്ന ഭാവേനയാണ് പള്ളിയിലേക്കുള്ള ഓട്ടം. അത്രകണ്ട് ഈശോയെയും മാതാവിനെയും അമ്മ സ്നേഹിച്ചിരുന്നു. അമ്മ അധികനാൾ ജീവിച്ചിരിക്കില്ല എന്ന തോന്നൽ ഉള്ളതുകൊണ്ടാവാം ഞങ്ങൾ നാലുമക്കളെയും മാതാവിന്റെ രൂപം ചൂണ്ടിക്കാട്ടി പറയും: 'ഇതാണ് നിങ്ങളുടെ ശരിയായ അമ്മ, ഞാൻ കുറച്ചുകൂടി കഴിഞ്ഞാൽ മരിച്ചുപോകും.' എന്റെ അമ്മയേക്കാൾ നല്ലവളാണ് മാതാവെന്ന് ചിന്തിക്കാൻ എനിക്ക് പ്രയാസമായിരുന്നില്ല. അതിനാൽ മാതാവിനോട് എനിക്ക് പിണക്കമായിരുന്നു. എന്തുപറഞ്ഞാലും അമ്മ പറയും: 'മാതാവ് തരും.' കഴിഞ്ഞുപോയ കാലങ്ങളിലേയ്ക്ക് തിരിഞ്ഞുനോക്കുമ്പോൾ അത് വാസ്തവമാണെന്ന് ഞാൻ അനുഭവിച്ചറിഞ്ഞു. കണ്ണീരോടെ ഞാൻ യാചിച്ചതൊന്നും അമ്മ എനിക്ക് നിരസിച്ചിട്ടില്ല.

സന്യാസത്തിന്റെ പരിശീലനകാലത്ത് രോഗംമൂലം ഇവിടെ തുടരാൻ സാധ്യമല്ലെന്ന ഒരവസ്ഥ വന്നുചേർന്നപ്പോൾ ഞാൻ മാതാവിലാശ്രയിച്ചു. അന്നാളിലെ എന്റെ നിരന്തര ധ്യാനവിഷയം മാതാവിന്റെ മംഗളവാർത്തയായിരുന്നു. വരുംവരായ്കകൾ എല്ലാം അറിഞ്ഞിരുന്നിട്ടും എങ്ങനെ അമ്മയ്ക്ക് ആമ്മേൻ പറയാൻ കഴിഞ്ഞു എന്നത് എന്നെ വല്ലാതെ ആശ്ചര്യപ്പെടുത്തി. ഈശോയുടെ മുമ്പിൽ കണ്ണീരോടെ ഞാൻ ഏറ്റുപറഞ്ഞു: ഇതാ കർത്താവിന്റെ ദാസി നിന്റെ ഹിതം എന്നിൽ നിറവേറട്ടെ. ഇതാണ് അന്നും ഇന്നും എന്റെ ആത്മനിമന്ത്രണം. എനിക്കിഷ്ടപ്പെടാത്ത, ഞാൻ ആഗ്രഹിക്കാത്ത അനുഭവങ്ങളിലൂടെ കടന്നുപോകേണ്ടിവരുമ്പോൾ എന്നെ പിടിച്ചു നിർത്തുന്നത് ഈ ആത്മനിമന്ത്രണം മാത്രമായിട്ടായിരുന്നു എനിക്ക് അനുഭവപ്പെടുന്നത്. മാതാവിന്റെ പേര് സ്വീകരിച്ചതും എന്റെ നാമഹേതുക തിരുനാളായി മംഗളവാർത്ത തിരുനാൾ തന്നെ തിരഞ്ഞെടുത്തതും ഈ ആത്മനിമന്ത്രണം എന്നെ നിരന്തരം ഓർമ്മിപ്പിക്കാനാണ്. നീണ്ട 40 വർഷം സഭയിൽ സന്തോഷത്തോടെ ജീവിക്കാൻ ഈശോ തന്ന കൃപകൾക്കായി നല്ല ദൈവത്തിന് ഒരായിരം നന്ദി!



# എന്റെ ആകാശങ്ങൾ

സി. ജൂലിയ

ദൈവമേ, ആകാശങ്ങൾക്ക് ഋതുഭേദം നൽകുന്നവനേ, എന്റെ സംരക്ഷണത്തിന്റെ ആകാശത്തിന്റെ ഉടയവനേ, നീ എവിടെയാണ്? എന്തുകൊണ്ടാണ് തന്റെ ഉറ്റസ്നേഹിതർക്ക് നീ സ്വയം വെളിപ്പെടുത്താതെ മറഞ്ഞിരിക്കുന്നത്? ദൈവമേ, നിന്നിൽ വിശ്വസിക്കുവാനും നിന്റെ അസ്തിത്വത്തെ ഏറ്റുപറയുവാനും നീ തന്നെയാണ് കൃപ നൽകുന്നത് എന്ന് എന്നെ പഠിപ്പിക്കാനാണോ? അതോ ലോലമായ അവരുടെ വിശ്വാസസങ്കല്പങ്ങളെ അവർ വെളിപ്പെടുത്തി എന്റെ പ്രാർത്ഥനകൾക്കായി അവർ കേഴുമ്പോൾ ഞാൻ കൂടുതൽ നിന്നെ പ്രാപിക്കാനാണോ? ദൈവമേ, എനിക്ക് കൂടുതലായി ചിലപ്പോൾ ഒന്നും ചെയ്യാനില്ല എന്ന് ജീവിതത്തിലൂടെ സഹനത്തിന്റെ നിമിഷങ്ങളിലൂടെ കടന്നുപോകുമ്പോൾ ചിന്തിക്കുമ്പോൾ തന്നെ ഒന്നും വെളിപ്പെടുത്താതെ മറഞ്ഞിരിക്കുന്ന നീ, നാളെ മഞ്ഞുപോലെ എന്റെ മുന്നിലും എന്റെ ഹൃദയത്തിലും പെയ്തിറങ്ങുമെന്ന് ശരണപ്പെടാനാണോ? ഒന്നുമറിയില്ല. ഇന്ന് ഇടയ്ക്കിടെ എന്റെ അമ്മയെ ഓർമ്മവന്നു. അമ്മ എവിടെ നിന്നോ ഒരു പ്രാർത്ഥന കഴിഞ്ഞ ദിവസം മുതൽ അമ്മയുടെ ഹൃദയത്തിൽ പൊന്തിവന്നു എന്ന് എന്നോട് പറഞ്ഞു. അമ്മയിതുവരെ ഒരിക്കലും അപ്രകാരം പ്രാർത്ഥിച്ചിട്ടില്ല എന്നുപറഞ്ഞപ്പോൾ ഉള്ളൊന്നാളി. ഞാൻ ചോദിക്കാതെ തന്നെ അമ്മ ആ പ്രാർത്ഥന ഞാനുമായി പങ്കുവെച്ചു. അത് ഇപ്രകാരമാണ്: "Jesus, hide me in Thy bosom ..." ഇന്ന് എന്റെ പ്രാർത്ഥനയും ഇതുതന്നെയായിരുന്നു. ദൈവമേ, കാക്കണമേ എന്ന് ഉള്ളുമന്ത്രിക്കുന്നു. ഒപ്പം ദൈവമേ, എന്റെ ഉറ്റസ്നേഹിതരെ, പ്രിയപ്പെട്ടവരെ കാത്തുകൊള്ളണമേ എന്ന് ഹൃദയം നിറഞ്ഞ് കണ്ണുനിറയുവോളം പ്രാർത്ഥിക്കുമ്പോൾ കൊടുത്ത വാക്കിന് ഉറപ്പുണ്ടല്ലോ എന്ന് ഹൃദയം ഓർമ്മിപ്പിക്കുന്നു. ഇതിനൊക്കെ ഇടയിൽ എന്തിനാണ് നീ ഇങ്ങനെ ഞാനുമായി ബന്ധപ്പെട്ട എന്റെ കോളേജ് വിദ്യാർത്ഥികളെ നിന്റെ സന്നിധിയിലേക്ക് പറിച്ചുനടുന്നത്? അവർ പ്രിയപ്പെട്ടവർക്കായി നിന്റെ അടുത്തിരുന്ന് പ്രാർത്ഥിക്കാനാണോ? നിറകണ്ണുകളോടെ നിൽക്കുന്ന അവരുടെ മാതാപിതാക്കളെ, സഹോദരങ്ങളെ, കൂട്ടുകാരെ എന്തുപറഞ്ഞ് ഞങ്ങളാശ്വസിപ്പിക്കും?

എന്റെ ദൈവമേ, നിന്റെ കരങ്ങളിൽ ഞാനെന്റെ ആത്മാവിനെ സമർപ്പിക്കുന്നു എന്നുപറഞ്ഞ് മിഴിയടച്ച നിന്നെ കണ്ട അമ്മ, കുരിശിൻ താഴെ നിന്റെയടുത്തുണ്ടായിരുന്നല്ലോ. ആ അമ്മ മാത്രമേ എകാശ്രയമുള്ളൂ എന്ന് ഓരോ ദിനവും നീ തന്നെ പഠിപ്പിക്കുന്നതിന് നന്ദി. അമ്മേ, എന്റെ ആശ്രയമേ, എന്റെ പ്രിയപ്പെട്ടവരെ കാത്തുകൊള്ളണെ. "ചെറിയ അജഗണമെ, ഭയപ്പെടേണ്ട" എന്ന യേശുവിന്റെ വചനങ്ങളാൽ ഞങ്ങളുടെ ജയ്റാണി പ്രോവിൻസിനെ കാത്തുകൊള്ളണെ.




**സി. അജയ**
**ടാൻസാനിയ**

ഓ! യേശുവേ! നിന്റെ വചനശക്തി എത്ര അഗാധവും ഉത്തുംഗവും പരപ്പുമുള്ളതാണ്. വചനം തന്നെ അതു സ്ഥിരീകരിക്കുന്നു. "ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്. ഇരുതല വാളിനെക്കാൾ മൂർച്ചയേറിയതും ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചി ക്കുന്നതുമാണ്" (ഹെബ്രാ 4:12).

സദ്വചനങ്ങളും ചിന്തകളും ആശ്വാസവചനങ്ങളും എപ്പോഴും കുളിർമ പകരുന്ന നല്ല അനുഭവങ്ങളാണല്ലോ. പക്ഷെ, അസ്വസ്ഥതകളിലൂടെയും സങ്കീർണ്ണമായ പ്രശ്നാനുഭവങ്ങളി ലൂടെയും കടന്നുപോകുമ്പോൾ വചനത്തിന് പ്രസക്തിയുണ്ടോയെന്ന് ചിന്തിച്ചുപോകാം. ബലഹീ നതയുടെ നിമിഷങ്ങളിൽ "എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്ക് എല്ലാം സാധിക്കുമെന്ന്" (ഫിലി 3:14) ഉറപ്പിച്ചും തറപ്പിച്ചും പറയണമെങ്കിൽ വിശ്വാസവരം ദാനമായിതന്നെ ലഭിക്കണം. അസ്വസ്ഥതകളുടെ ഇടയിൽ പരിഭ്രമത്തിനിടയിൽ നിഘണ്ടുവിലില്ലാത്ത പലതും നാം വിളമ്പി യെന്ന് വരാം. തെല്ലൊന്ന് സുല്ലിട്ട് ചിന്തിക്കുമ്പോൾ ശക്തിപകരുന്ന മറ്റൊരു വചനം സഹായ ത്തിനെത്തും ... "മനുഷ്യരെല്ലാവരും അസത്യവാദികളാണെന്ന് ഓ! പരിഭ്രമത്തിനിടയിലാണല്ലോ ഞാൻ പറഞ്ഞുപോയത്" സങ്കീർത്തകൻ ഓർമ്മിപ്പിക്കുന്നു. പക്ഷെ, അന്നും അങ്ങേ മുഖപ്രസാദം എന്നെ ശക്തനാക്കിയിരുന്നു. പരിഭ്രമത്തിനിടയിൽ പറയുന്ന വാക്കുകളാണെന്ന് ഓർമ്മവന്നാൽ പല പഴിചാരലുകളും ദുശ്ചിന്തകളും താനെ ഇല്ലാതാവില്ലെ? തീർച്ചയായും ... എളിമയോടെയുള്ള ഒരു ഏറ്റുപറച്ചിലല്ലേ അത്യാവശ്യമായിട്ടുള്ളത്.

സത്യവചനമെ, നിത്യവചനമെ, നിന്റെ അപരിമേയമായ ശക്തി വെളിപ്പെടുത്തിത്തരണമെ. എന്റെ ചുറ്റുമുള്ളവരിലൂടെയും എന്നിലൂടെയും കർത്താവെ അങ്ങ് സംസാരിക്കണമെ, ബല

പ്പെടുത്തണമെ ... പ്രാർത്ഥനയ്ക്കിടയിൽ എന്റെ മനസ്സുടക്കിയ തിരുവചന ശകലമായിരുന്നു "എഫാത്ത" (മർക്കോ 7:34) തുറക്കപ്പെടട്ടെയെന്നർത്ഥം. ഈയൊരൊറ്റ വാക്കിൽ ഒതുങ്ങി ചിന്തയും, ധ്യാനവും എല്ലാം. എന്താണ് തുറക്കപ്പെടേണ്ടത്? അടഞ്ഞ മനസ്സ് കീറാമുട്ടിയായ പ്രശ്നങ്ങൾ, ദോഷൈക ദൃക്ഭാവങ്ങൾ, അങ്ങനെ പലതും ... പലതും.

നമുക്ക് മനസ്സിലാകുന്ന ഭാഷയിലും രീതിയിലും നമ്മുടെ അവശതകൾ പരിഗണിച്ച് നമ്മോട് ഇടപഴകുന്നവനാണ് യേശു. പ്രത്യക്ഷത്തിൽ അടഞ്ഞ വാതിലുകൾ തുറക്കപ്പെടട്ടെ. ആനന്ദത്തിന്റെ ഒരലയടി ഈ എഫാത്ത പ്രാർത്ഥനയിൽ നിറഞ്ഞുനിൽക്കുന്നു. ബധിരനും സംസാരത്തിന് തടസ്സവുമുണ്ടായിരുന്ന ഒരു മകനെയാണല്ലോ ഈശോയുടെ അടുത്തേയ്ക്ക് കൊണ്ടുവന്നതും കൈവെയ്പ് നടത്തണമെന്ന് അഭ്യർത്ഥിച്ചതും. സ്വരം കേൾക്കാത്തവന് സ്പർശനം സാധ്യമാണല്ലോ. സ്വർഗ്ഗത്തിലേക്ക് നോക്കി നെടുവീർപ്പിടുന്ന ഈശോയെ അവന് കാണാമല്ലോ. തുപ്പലുകൊണ്ട് നാവിൽ സ്പർശിക്കുന്നു. ഇത്രയും പ്രവൃത്തികൾക്ക് ശേഷമാണ് ഈശോ എഫാത്തയെന്ന് ഉച്ചരിക്കുന്നത്. ഉടനെ ചെവികൾ തുറന്നു, നാവിന്റെ കെട്ടഴിഞ്ഞു. അവൻ സ്ഫുടമായി സംസാരിച്ചു.

ഈ ധ്യാന വിചിന്തന മൂഡിൽ കഴിഞ്ഞ ദിവസങ്ങൾക്കിടയിലാണ് അത് സംഭവിച്ചത്. നല്ല തണുപ്പുള്ള രാത്രി. ഉറങ്ങാൻ നല്ല സുഖം ... രാത്രി 10.30 ന് ഒരു ഫോൺകോൾ ... നിറുത്താതെയുള്ള കരച്ചിൽ ... അതിനിടയിൽ പറയുന്നു, സിസ്റ്റർ ദയവായി ഒന്ന് പ്രാർത്ഥിക്കൂ ... ചെറുപ്പക്കാരിയായ ഒരു അധ്യാപിക തന്റെ ഹോസ്റ്റലിൽ നിന്ന് വിളിക്കുന്നു. സിസ്റ്റർ ഞാൻ അപാരദുഃഖത്തിലാണ്. സിസ്റ്റർ പ്രാർത്ഥിക്കില്ലെ? അവൾ വിതുമ്പി മറുഭാഗത്തുനിന്ന് വിതുമ്പി പറഞ്ഞു: എന്റെ രണ്ടു സഹോദരങ്ങളെ പോലീസ് ബലമായി പിടിച്ച് ജയിലിലാക്കിയിരിക്കുന്നു. ഒരാൾ സാംബിയ ജയിലിലും, മറ്റേയാൾ സൗത്ത് ആഫ്രിക്ക ജയിലിലും. കാര്യം എന്താണെന്നറിയില്ല. പ്രാർത്ഥിക്കൂ എനിക്കും കുടുംബത്തിനുംവേണ്ടി.

ആ നിമിഷം തന്നെ ഫോണിലൂടെ അല്പസമയം 'എഫാത്താ' പ്രാർത്ഥന നടത്തി. അവളുടെ വേദനയിൽ പങ്കുകൊണ്ട് ഞാൻ പ്രാർത്ഥിച്ചു. കർത്താവെ വിടുതൽ കൊടുക്കണെ. അടഞ്ഞ വാതിൽ തുറക്കട്ടെ ... ദയ തോന്നണമെ ... അവസാനം പറഞ്ഞു നീ സമാധാനമായിരിക്കൂ. എഫാത്തയെന്ന് ഉരുവിട്ട് പ്രാർത്ഥിക്കൂ. ദൈവം ഇടപെടും. കരച്ചിൽ നിറുത്തി എഫാത്തയുടെ അകമ്പടിയോടെ ഉറങ്ങി. പ്രാർത്ഥന തുടർന്നു ... ആറുദിവസം കഴിഞ്ഞപ്പോൾ ... സി. അജയാ ഒരു സന്തോഷവാർത്ത ... എന്റെ ഒരു സഹോദരന് സാംബിയ ജയിലിൽനിന്ന് വിമുക്തി കിട്ടി. ഒരു മാസത്തിനുള്ളിൽ മറ്റേ സഹോദരനും വിടുതൽ ...

വചനം ... തിരുവചനം ... അനുഭവപരമായ കൂടിക്കാഴ്ച ... എത്ര മനോഹരം, എത്ര ചേതോഹരം ... നുകരാം സ്വയമായി ... പകരാം സഹോദരങ്ങൾക്കായി ...



# ദൈവസ്നേഹാനുഭവത്തിന്റെ ആഴങ്ങളിലേക്ക്

സി. ഹെൽന മരിയ

**"ദൈവത്തോടൊത്തുവസിച്ച് അവൾ തന്റെ കുലീന ജന്മം മഹത്വപ്പെടുത്തി" (ജ്ഞാനം 8:3)**

ദൈവസ്നേഹ അനുഭവത്തിലേക്ക് ആഴ്ന്നിറങ്ങാൻ പറ്റിയ അനുഭവത്തിന്റെ ദിവസങ്ങൾ ആയിരുന്നു മരിയൻ റിന്യുവൽ സെന്ററിലെ 30 ദിനരാത്രങ്ങൾ. ദൈവകാരുണ്യത്തിന്റെ നിലയ്ക്കാത്ത പ്രവാഹം എന്നപോലെ ഇരുൾമൂടിയ എന്റെ ജീവിതവഴിയിലേക്ക് ഒരു നുറുങ്ങുവെട്ടംപോലെ കടന്നെത്തിയ ദൈവാനുഭവത്തിന്റെ ആ പുണ്യദിനങ്ങൾ ജീവിതത്തെ കൂടുതൽ ദൈവസ്നേഹാനുഭവത്തിലേക്ക് നയിക്കുവാൻ പര്യാപ്തമായിരുന്നു. പ്രഭാതത്തിൽ ഉണർന്ന് ദിവ്യകാരുണ്യനാഥനോടൊത്ത് ചിലവഴിക്കാൻ ലഭിച്ച 18 മണിക്കൂറുകൾ ദിവ്യനാഥനോട് സംസാരിച്ചും, ജപമാലയിലൂടെ പരിശുദ്ധ അമ്മയുടെ കരംപിടിച്ച് ഈശോയുടെ ജീവിതവഴിയിലൂടെ നടന്നുനീങ്ങിയും, വൈദീകർക്കും സമർപ്പിതർക്കും വേണ്ടിയുള്ള പ്രാർത്ഥനാശുശ്രൂഷകളും, ദിവ്യബലിയും വിശുദ്ധ ഗ്രന്ഥപാരായണവും, ആത്മാഭിഷേകത്തിനായുള്ള പ്രാർത്ഥനാശുശ്രൂഷകളുംകൊണ്ട് ധന്യമായിരുന്നു ഈ ദിനങ്ങൾ. ജീവിതത്തിലെ വ്യതിരിക്തത നിറഞ്ഞ അനുഭവങ്ങളിൽ ദൈനസ്നേഹത്തെ തിരിച്ചറിയുവാൻ നല്ല ദൈവം നൽകിയ പുണ്യദിനങ്ങൾ! ആയിരുന്നു. ജീവിതത്തിൽ വന്നുപോയ കുറവുകളിലേയ്ക്ക് ഇറങ്ങി സ്വയം കണ്ടെത്തി തിരിച്ചറിയുവാനും ദൈവസ്നേഹത്തിന്റെ ആഴങ്ങളിലേയ്ക്ക് സഹനങ്ങളിലൂടെ ക്രൂശിതന്റെ മണവാട്ടിയായി രൂപാന്തരപ്പെടുവാൻ കഴിയൂ എന്ന ഉറച്ചബോധ്യത്തിലേക്ക് ദൈവം എന്നെ നയിക്കുകയായിരുന്നു ... നിന്നെക്കുറിച്ചുള്ള ഒരു പദ്ധതി എന്റെ മനസ്സിലുണ്ട്. അത് നിന്റെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണ് എന്ന് അവിടുത്തെ തിരുവചനത്തിന്റെ യഥാർത്ഥമായ അർത്ഥവും വ്യാപ്തിയും തിരിച്ചറിയുവാനും ഗോതമ്പുമണി നിലത്തുവീണ് അഴിഞ്ഞില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിൽ അത് കൂടുതൽ ഫലം പുറപ്പെടുവിക്കും എന്ന അവിടുത്തെ തിരുവചനം അക്ഷരാർത്ഥത്തിൽ പ്രാവർത്തിക

മാക്കുവാനും തക്ക അനുഭവങ്ങളിലൂടെ കടത്തിവിട്ട് കുശവന്റെ കൈയിൽ കളിമണ്ണ് എന്നപോലെ, ശില്പി താൻ ആഗ്രഹിക്കുന്ന രീതിയിൽ ശില്പത്തെ രൂപപ്പെടുത്തുവാൻ കൊത്തിമുറിപ്പെടുത്തുന്നതുപോലെ യഥാവിധം ഞാനാകുന്ന മാർബിൾ കഷ്ണത്തെ രൂപപ്പെടുത്തുവാൻ ദൈവം തന്നെ അനുവദിച്ച നിമിഷങ്ങളായിരുന്നു. ജീവിതത്തിലുടനീളം ഉള്ള ഓരോ നിമിഷവും എന്ന തിരിച്ചറിവിലേക്ക് എന്നെ വഴിനടത്തുകയായിരുന്നു ... ജീവിതത്തിലെ അനുഭവങ്ങളിൽ പതറിപ്പോകാതെ സ്വയം തെറ്റിപ്പോയ ഇടങ്ങളെ കണ്ടെത്തി തിരുത്തുവാനും സ്വാർത്ഥതയുടെയും താൻപെരുമയുടെയും അഹങ്കാരത്തിന്റെയും അസൂയയുടെയും ദുരാത്മാവിനെ എടുത്തുമാറ്റി വന്നുപോയ വീഴ്ചകളെപ്പറ്റി സ്വയം ബോധ്യപ്പെട്ട് തിരുത്തുവാൻ തയ്യാറായാൽ മാത്രമേ ദൈവസ്നേഹത്തിന്റെ ആഴം യഥാർത്ഥത്തിൽ മനസ്സിലാക്കുവാൻ സാധിക്കൂ എന്ന വലിയ തിരിച്ചറിവിലേക്ക് കടന്നു വരുവാൻ എന്നെ സഹായിച്ചു. എന്തിനുവേണ്ടി ദൈവം എനിക്കായി ഈ അനുഭവങ്ങൾ തന്നു? എനിക്ക് ബോധ്യപ്പെട്ടു: ഈശോയ്ക്ക് മാത്രമായി എന്നെ നേടുവാൻ ഈ അനുഭവങ്ങളിലൂടെ മാത്രമേ എന്നെ തിരിച്ചെടുക്കുവാൻ സാധിക്കൂ എന്ന് എനിക്ക് ബോധ്യപ്പെട്ടു. അളവില്ലാതെ എന്നെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്ത് എന്നെ സ്വന്തമാക്കിയ നല്ല ദൈവത്തിന് നന്ദി മാത്രം ...

വിശദീകരണത്തിനപ്പുറമുള്ള ദൈവകൃപ ഏറെ വിലയേറിയതും മഹത്വവുമാണെന്ന് രുചിച്ചറിയുവാൻ അനന്തകാരുണ്യവാനായ നല്ല ദൈവം എനിക്കുനൽകിയ അളവറ്റ കൃപകളെയും ആത്മാഭിഷേകത്തെയും ദൈവത്തിനും ദൈവജനത്തിനുമായി വിനിയോഗിക്കുവാൻ നല്ല ദൈവം കൃപ നൽകണമേ എന്ന പ്രാർത്ഥനയോടെ ഈ 30 ദിനങ്ങൾ ദൈവകാരുണ്യത്തോടൊപ്പം ആയിരിക്കുവാൻ തിരഞ്ഞെടുത്ത് അയച്ച എന്റെ അധികാരികളോടുള്ള നന്ദിയും ഇത്തരുണത്തിൽ ഞാൻ അർപ്പിക്കട്ടെ ...

---




സി. ഷൈബി

## മിരിയാമിൽനിന്നും പഠിക്കാനുള്ളത്

* ആഴമായ വിശ്വാസത്തെ മുറുകെ പിടിച്ചുകൊണ്ട് ധൈര്യമുള്ളവളായിരിക്കുക ...
* സഹോദരങ്ങളോടുള്ള സ്നേഹത്തെപ്രതി സഹജന്റെ കാവലാകുക ...
* കൃതജ്ഞതാനിർഭരമായ ജീവിതം നയിക്കുക ...
* പ്രചോദനാത്മകമായ ജീവിതത്തിലൂടെ മറ്റുള്ളവരെ ഉജ്ജ്വലിപ്പിക്കുക ...
* സ്വന്തം കഴിവുകൾ ദൈവജനത്തിനായി പകുത്തേകുക ...

## മരിയാമിൽനിന്നും പഠിക്കരുതാത്തത്

* പരാതി പിറുപിറുപ്പ്.
* സഹോദരങ്ങളെ ദുഷിച്ചുസംസാരിക്കുന്നത്.




**സി. സൂന**

'എന്റെ നാമം പേറുന്ന എന്റെ ജനം എന്നെ അന്വേഷിക്കുകയും തങ്ങളെത്തന്നെ എളിമപ്പെടുത്തി പ്രാർത്ഥിക്കുകയും ചെയ്താൽ, ഞാൻ സ്വർഗ്ഗത്തിൽനിന്ന് അവരുടെ പ്രാർത്ഥന കേട്ട് അവരുടെ ദേശം സമ്പുഷ്ടമാക്കും (2 ദിന 7:14).

എന്റെ സന്യാസ ജീവിതത്തിൽ, സമർപ്പണത്തിന്റെ വിവിധ ഘട്ടങ്ങളിൽ അര നൂറ്റാണ്ടുകാലം ഒന്നിച്ചുജീവിച്ച അമ്മമാരെയും സഹോദരിമാരെയും വിട്ട് ജയ്ക്രിസ്റ്റോ തറവാട്ടിൽനിന്നും ഒരു സുപ്രഭാതത്തിൽ ജയ്റാണിയിലേക്ക് പറിച്ചുനട്ടപ്പോൾ മനസ്സിൽ നിറഞ്ഞ വിങ്ങലുകളും ഹൃദയത്തിനേറ്റ ആഘാതവും പറഞ്ഞറിയിക്കാനാവാത്തതാണ്. 2022 മെയ് 9-ന് പുതിയ പ്രോവിൻസിന്റെ സ്ഥാപനം ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടപ്പോൾ താങ്ങാനാവാത്ത സങ്കടത്താൽ മനസ്സു കലങ്ങി. പിന്നെ സാവധാനം ആ സത്യം ഉൾക്കൊണ്ടു ... പിരിയുമ്പോഴെ വളരുകയുള്ളൂ. മനസ്സിനെ പറഞ്ഞുപഠിപ്പിച്ചു ... പറിച്ചുനടൽ വളർച്ചയുടെ അനിവാര്യതയാണെന്ന്.

തമിഴകത്തിൽ CMC യുടെ തനിമ നിലനിർത്തി പ്രാർത്ഥനയും പ്രവർത്തനവും വഴി ധാരാളം ആത്മാക്കളെ ഈശോയ്ക്കായി നേടാനുള്ള വലിയ ഉത്തരവാദിത്തമാണ് ഇതിലൂടെ ദൈവം നമ്മെ ഭരമേൽപിച്ചിരിക്കുന്നത്. അതിനായി അരയും തലയും മുറുക്കി ഇറങ്ങണം. തീക്ഷ്ണതയേറിയ മിഷൻ ചൈതന്യമുള്ള ദൈവവിളികൾ ലഭിക്കണം. അണ്ണാറക്കണ്ണനും തന്നാലായത് എന്ന ഉൾക്കാഴ്ചയോടെ റിട്ടയർമെന്റ് ജീവിതത്തിലേക്ക് പ്രവേശിച്ചിട്ടുള്ള എന്നെപ്പോലെയുള്ളവർ പ്രാർത്ഥനയിലൂടെയും ചെറിയ പരിത്യാഗങ്ങളിലൂടെയും പരാതികളില്ലാത്ത സമർപ്പണജീവിതത്തിലൂടെയും ഈ പ്രോവിൻസിനെ ശക്തിപ്പെടുത്തുവാൻ പരിശ്രമിക്കണം. വചനപഠനവും ത്രിത്വസ്തുതിയും മരിയസ്തുതികളും കരുണക്കൊന്തയും എല്ലാം വഴി ജയ്റാണി പവർ ബാങ്കിലെ നിക്ഷേപം വർദ്ധിപ്പിക്കാൻ ഉത്സാഹത്തോടെ ഞാനും പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

73 അംഗങ്ങളും ഏഴു ഭവനങ്ങളും മാത്രമുള്ള ജയ്റാണി പ്രോവിൻസ് പരിശുദ്ധ അമ്മയുടെ കൈപിടിച്ച് അതിന്റെ ബാലാരിഷ്ടതകളിൽ പിച്ചവെച്ചു മുന്നോട്ടുനീങ്ങുമ്പോൾ അമ്മയുടെ കാപ്പയുടെ സംരക്ഷണം അതിന് ചൂടും പ്രത്യാശയും പകരുന്നു. ജയ്റാണിയുടെ 'ജ്വാല' തെളിമയോടെ സദാ ജ്വലിച്ചുനിൽക്കുന്നതിനും ആയിരിക്കുന്ന ഇടങ്ങളിൽ ഇരുൾ നീക്കി പ്രകാശം പരത്തുന്നതിനും സ്വർഗ്ഗീയ രാജ്ഞി നമ്മെ സഹായിക്കട്ടെ.




**സി. എലിസബത്ത്**

എന്റെ കുട്ടിക്കാലത്ത് നാലാം ക്ലാസ്സുവരെ ഞൻ സിസ്റ്റേഴ്സിനെ കണ്ടിട്ടില്ല. അതിനുശേഷമാണ് പുലാപ്പറ്റ ഇടവകയിൽ കാറ്റിക്കിസം എടുക്കാൻ ഹോളി ഫാമിലി സിസ്റ്റേഴ്സ് വരുന്നത്. അന്നുതുടങ്ങി അവരെപ്പോലെയാകാൻ ഞാൻ ആഗ്രഹിച്ചു. അതിനായി പ്രാർത്ഥിച്ചു. സിസ്റ്റേഴ്സ് ചെറിയ പ്രാർത്ഥനകൾ തരുമായിരുന്നു. ഈ ജീവിതം ആഗ്രഹിക്കുന്നവർ പരിശുദ്ധ അമ്മയോട് പ്രാർത്ഥിക്കാൻ പറയുമായിരുന്നു. എന്റെ മനസ്സിൽ അത് ആഴത്തിൽ പതിഞ്ഞു. കുർബാനയുള്ള ദിവസങ്ങളിൽ പള്ളിയിൽ പോകുകയും പ്രാർത്ഥിക്കുകയും ചെയ്യുക പതിവായി. വീട്ടിലും പ്രാർത്ഥനയുടെ നല്ല അന്തരീക്ഷം ഉണ്ടായിരുന്നു. എനിക്ക് കൂട്ടുകാർ മൂന്നുപേർ ഉണ്ടാ യിരുന്നു. ഞങ്ങൾ സേവ്യർ ഖാൻ വട്ടായിലച്ചന്റെ പ്രാർത്ഥനാഗ്രൂപ്പിൽ അംഗങ്ങളായിരുന്നു. അച്ചന്റെ വീട് ഞങ്ങളുടെ ഇടവകയിലായിരുന്നു. നിങ്ങൾക്ക് നാലുപേർക്കും ദൈവവിളി ഉണ്ടെന്ന് അച്ചൻ പറയുമായിരുന്നു. നാലുപേരും സമർപ്പിതജീവിതം തിരഞ്ഞെടുത്തു. 10-ാം ക്ലാസ്സ് കഴിഞ്ഞ് പോകാൻ സാധിച്ചില്ല. തുടർന്ന് പഠിക്കാൻ പോയി. അങ്ങനെയിരിക്കെ ഇടവക വികാരിയായ വിൽസൺ പ്ലാക്കലച്ചൻ എന്നോടുപറഞ്ഞു: കടമ്പഴിപ്പുറത്ത് കർമ്മലീത്താ മഠം ഉണ്ട്. അവിടെ ചെന്ന് സി. പ്രീമയെ കാണണം എന്ന്. ആദ്യമായിട്ടാണ് ഞാൻ കർമ്മലീത്താ സിസ്റ്റേഴ്സിനെ കാണുന്നത്. പ്രീമാമ്മയെ കണ്ടു. അമ്മയുടെ പുഞ്ചിരി നിറഞ്ഞ മുഖവും, ലാളിത്യവും, സ്നേഹവും എല്ലാം എന്നെ ഒത്തിരി ആകർഷിച്ചു. ഹോളി ഫാമിലി മഠത്തിൽ ചേരാനിരുന്ന ഞാൻ പിറ്റേവർഷംതന്നെ ജയ്ക്രിസ്റ്റോയിൽ വന്നു. സി.എം.സി.യിൽ ചേർന്നു

ഇന്ന് 25 വർഷം പൂർത്തിയായി. പിൻതിരിഞ്ഞുനോക്കുമ്പോൾ എല്ലാം ദൈവപരിപാലന യായി കാണുന്നു. സാധാരണ കുടുംബത്തിൽ ജനിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ വളർന്ന എന്നെ ദൈവം നയിച്ച വഴികൾ! തികഞ്ഞ ആദ്ധ്യാത്മികതയുള്ള കർമ്മലസഭയിൽ ചേരാൻ സാധിച്ചത് വലിയ ദൈവാനുഗ്രഹമായി കാണുന്നു. “അവിടുത്തെ വാത്സല്യം എന്നെ വലിയവനാക്കി” എന്ന ദൈവവചനം എന്റെ ജീവിതത്തിലും അന്വർത്ഥമായതായി അറിയുന്നു. ബലിപീഠത്തിൽ നിന്നാണ് ദൈവവിളി കണ്ടെത്തുന്നതെന്ന് ജീവിതത്തിലൂടെ അറിയാൻ സാധിച്ചു. എന്റെ അച്ചാച്ചനും അമ്മയും അതിന് ഉദാഹരണങ്ങളായിരുന്നു. സമർപ്പിത ജീവിതത്തിലേക്ക് എന്നെ നയിച്ച സന്യാസ പാഠങ്ങൾ പകർന്നുനൽകിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

# നാഥാ ...
# നന്ദി ... നന്ദി ...

**സി. ജിൻസി മരിയ**

ദൈവകരുണയുടെ അനന്തമായ പ്രവാഹം എന്റെ ജീവിതത്തെ തൊട്ട നിമിഷമെന്നേ എന്റെ ദൈവവിളിയെക്കുറിച്ച് ചിന്തിക്കുമ്പോൾ എനിക്കു പറയാൻ സാധിക്കൂ. വേദപാഠക്ലാസ്സിലും, സ്ക്കൂളിലും പഠിക്കുമ്പോൾ പ്രിയപ്പെട്ട ഗുരുഭൂതർ നല്ലതുമാത്രമേ നൽകിയിട്ടുള്ളൂ. അവർ ജീവിത മാതൃകയിലൂടെയും പദ്യശകലങ്ങളിലൂടെയും കുശലം ചോദിക്കുന്നതിലൂടെയും ശകാരത്തി ലൂടെയും എല്ലാം ദൈവത്തിലേക്കും സഹജരിലേക്കും എങ്ങനെ എത്തിച്ചേരാം എന്ന് പഠിപ്പിച്ചു. നല്ലവനായ ദൈവം ഈ ഭൂമിയിൽ നൽകിയ ഏറ്റവും വലിയ സമ്മാനമാണ്, പ്രിയപ്പെട്ട മാതാ പിതാക്കളും, സഹോദരങ്ങളും ... പരിശുദ്ധ അമ്മയെക്കുറിച്ചും വിശുദ്ധരെക്കുറിച്ചും പ്രത്യേകമായി വിശുദ്ധ ചാവറയച്ചൻ, വിശുദ്ധ അൽഫോൻസാമ്മ ഇവരുടെ സുകൃതസമ്പന്നമായ ജീവിതത്തെപ്പറ്റി കുഞ്ഞുനാളിലേ നൽകിയ അറിവ് ഒരു വെള്ളി വെളിച്ചമായി ഇന്നും ജ്വലിക്കുന്നു. വെച്ചൂർ പള്ളിയിൽ എന്നെയും മാതാവിന് അടിമവെച്ചു എന്നുള്ള സത്യമാണ് പരിശുദ്ധ കർമ്മല മാതാവിന്റെ സഭയിൽ ചേരുവാൻ പ്രചോദനം നൽകിയത്. വിശുദ്ധിയും, പ്രാർത്ഥനയും അതിന്റെ പൂർണ്ണതയിൽ വിരാജി ക്കുന്ന കാർമ്മൽ ഉദ്യാനത്തിലെ ഒരു കൊച്ചുപൂവായിത്തീരാൻ ദൈവം എന്നെയും അനുഗ്രഹിച്ചു.

മനുഷ്യകരങ്ങളിലൂടെ പ്രവർത്തിക്കുന്ന നല്ല ദൈവം കാലാകാലങ്ങളിൽ അധികാരികളിലൂ ടെയും സഹോദരങ്ങളിലൂടെയുമെല്ലാം കർമ്മലയാകുന്ന ഈ ഫലഭൂയിഷ്ടമായ മണ്ണിൽ എപ്രകാരം വളരണമെന്ന് പഠിപ്പിച്ചു. ദൈവം എനിക്ക് നൽകിയ പ്രേഷിത മേഖലയും വേറിട്ട ഒന്നായിരുന്നു. മത്താ 25:40 "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തു തന്നത്" എന്നുള്ള തിരുവചനം അതിന്റെ പരി പൂർത്തിയിൽ ജീവിക്കാനുള്ള ഒരു വേദിയായി ഞാനിതിനെ കാണുന്നു. ശബ്ദമില്ലാത്തവർക്ക് ശബ്ദമാകാൻ, കേൾവി നഷ്ടപ്പെട്ടവർക്ക് കേൾവിയാകാൻ സമൂഹത്തിൽ തഴയപ്പെട്ടവരെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരാനുള്ള ഈ വിളിയെ ഒരു വെല്ലുവിളിയായി കണ്ട് ദൈവപരിപാലനയിൽ മാത്രം ആശ്രയിച്ച് എന്റെ ദൗത്യം തുടരുന്നു. എന്റെ അഭിഷിക്ത സഹോദരന്റെ പ്രാർത്ഥനയും സാരോപദേശവും ബലിജീവിതവും വലിയ ശക്തിയാണ്. നന്ദി എന്ന രണ്ടക്ഷരം മാത്രമേ ഞാനായി രിക്കുന്ന ഈ സന്യാസിനീ സമൂഹത്തോടും ജയ്ക്രിസ്റ്റോ-ജയ്റാണി പ്രോവിൻസിനോടും എനിക്ക് പറയാനുള്ളൂ. "അവർണ്ണനീയമായ ഈ ദാനത്തിന് നന്ദി, സ്തുതി.



**സി. റോസ് ഉഷ**

"ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ് എന്റെമേൽ ദൈവം ചൊരിഞ്ഞ കൃപ നിഷ്ഫലമായി പോയിട്ടില്ല. നേരെമറിച്ച് മറ്റെല്ലാവരെയുംകാൾ അധികം ഞാൻ അദ്ധ്വാനിച്ചു. എന്നാൽ ഞാനല്ല എന്നിലുള്ള ദൈവകൃപയാണ് അദ്ധ്വാനിച്ചത്" (1 കോറി 15:10). ഈ തിരുവചനമാണ് സമർപ്പണത്തിന്റെ 25 വർഷം പൂർത്തിയാക്കി സിൽവർ ജൂബിലിയുടെ നിറവിലായിരിക്കുമ്പോൾ എന്റെ ഹൃദയം മന്ത്രിക്കുന്നത്.

പിന്നീട് വഴികളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ അപ്രതീക്ഷിതം അല്ലെങ്കിൽ അത്ഭുതാവഹം എന്നിങ്ങനെ തോന്നാമെങ്കിലും അതിനെല്ലാം ഉപരിയായി നല്ല ദൈവത്തിന് എന്റെ ജീവിതത്തെക്കുറിച്ചുള്ള പദ്ധതിയുടെ പൂർത്തീകരണമായിരുന്നു കർമ്മലയിലേക്കുള്ള എന്റെ ദൈവവിളി. പല വ്യക്തികളുടെയും ആഗ്രഹങ്ങൾക്കും ഉപദേശങ്ങൾക്കും അപ്പുറം ദൈവീക പദ്ധതിയോട് ചേർന്നുനിൽക്കാൻ അവിടുന്നുതന്നെ എന്നെ പ്രാപ്തയാക്കി. എന്റെ പ്രിയമുള്ള മാതാപിതാക്കളുടെയും കൂടപിറപ്പുകളുടെയും പ്രിയപ്പെട്ടവരുടെയും അകമഴിഞ്ഞ പ്രാർത്ഥനയും പരിത്യാഗവും എന്റെ ജീവിതത്തിന് കൂടുതൽ വെളിച്ചമേകി. ഞാനെന്ന വ്യക്തിയിൽനിന്നും ക്രിസ്തുവിന്റെ മണവാട്ടിയിലേക്കുള്ള യാത്രയിൽ വിവിധങ്ങളായ കനൽവഴികളിൽ കരംപിടിച്ച എന്റെ മിസ്ട്രസുമാർ - സി. പുഷ്പ, സി. ലിസി, സി. ഹിത - ഇപ്പോഴും എന്നോടൊപ്പമുള്ള ഇവരെ നന്ദിയോടെ ആദരവോടെ അനുസ്മരിക്കുന്നു. ഒന്നുമില്ലായ്മയിൽനിന്നും എന്നെ കൈപിടിച്ചുനടത്തിയ പ്രൊവിൻഷ്യാളമ്മമാർ സുപ്പീരിയേഴ്സ്, കമ്മ്യൂണിറ്റി മെമ്പേഴ്സ്, സഹശുശ്രൂഷകർ എല്ലാവരെയും ജൂബിലിയുടെ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. ധോണി മരിയൻ റിന്യുവൽ സെന്ററിൽ ധ്യാനശുശ്രൂഷയിലായിരുന്ന ഒരു നാലുവർഷക്കാലം ഈ 25 വർഷത്തിലെ ഒരു സുവർണ്ണാവസരമായിരുന്നു.

അത്ഭുതങ്ങളുടെ ഘോഷയാത്രയായിരുന്നു ഈ 25 വർഷക്കാലം മുഴുവൻ. വിളിച്ചവനിൽ വിശ്വസ്തയായി അവൻ കരുതിയതോളം ജീവിക്കാൻ കഴിഞ്ഞോ എന്നറിയില്ല. എന്നാൽ ഒരു കാര്യം അറിയാം എന്റെ ഈശോ എപ്പോഴും വിശ്വസ്തനായിരുന്നു. ഒരു കുറവും എനിക്ക് പറയാനില്ലാത്തവിധം അനുഭവങ്ങളും, സാധ്യതകളും, സാഹചര്യങ്ങളും തന്ന് അവിടുന്ന് എന്നെ വളർത്തി. സഹനങ്ങളും വേദനകളും വേർപാടുകളുമെല്ലാം കൃപകളാക്കി മാറ്റി.

എവിടെ ആയിരുന്നാലും എന്നും രാവിലെ നിലം ചുംബിച്ച് പുതുക്കുന്ന ഒരു പ്രാർത്ഥനയുണ്ട്. ഈശോയെ എന്നെ ഒരു വിശുദ്ധയാക്കണെ. മരണംവരെ വിശ്വസ്തയായി നിന്നോടൊപ്പം നിൽക്കാൻ കൃപനൽകണെ. ഈ പ്രാർത്ഥന എന്നിലും എന്റെ കൂടെയുള്ളവരിലും അന്വർത്ഥമാകട്ടെ. Ps. 115:12 "കർത്താവിന് നമ്മെക്കുറിച്ച് വിചാരമുണ്ട്. അവിടുന്ന് നമ്മെ അനുഗ്രഹിക്കും" ഈ അനുഗ്രഹത്തിന്റെ തണലിൽ ആയിരുന്നുകൊണ്ട് നന്ദി ...

# ஜெய் இராணி புகழ்மாலை

சி. லில்லி சி.எம்.சி

வாழ்க ஜெய் இராணி
வாழ்க! வாழ்கவே
வாழ்க ! உம் புகழ்
வளர்க உம் சிறப்பு (வாழ்க ....)
ஜெய்  இராணி மக்களென்றும் ஜெய் அன்னை வழி சென்று
நாளென்றும் அவள் தாழ்மையில்
நன்னெறிகள் செய்திடவே
அவள் பாதம் அமர்ந்திடுவோம் (வாழ்க ...)
இரை சித்தம் தன் பொன்சித்தமாய்க்கொண்டு
என்றென்றும் வாழ்ந்தவளே
நீர் மண்ணுலகிலும் விண்ணுலகிலும்
புகழ் பெற்று விளங்கிடும் ஜெய் இராணி
ஜெய் இராணி வாழ்கவே !
ஜெய் மக்கள் வாழ்கவே !



# അമ്മ തൻ സ്നേഹം

സി. നയന

അമ്മ സ്നേഹം, അല്ല കരുതൽ, അല്ല ക്ഷമ, ഇതൊന്നും അല്ല, എന്ത് എഴുതിയാലാണ് അമ്മ എന്ന വാക്ക് പൂർണ്ണമാകുന്നത് എന്നറിയില്ല. അമ്മയെപ്പോലെ സ്നേഹിക്കുന്ന ക്ഷമിക്കുന്ന, മറക്കുന്ന, കരുതുന്ന, ചേർത്തുപിടിക്കുന്ന ഒരാൾ ഈ ലോകത്തിൽ ഉണ്ടാകില്ല. നമ്മുടെ അനുദിന ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കിയാൽ നമുക്കറിയാം ഏതൊരു ആവശ്യത്തിനും എന്നുപറഞ്ഞാൽ പോരാ, അമ്മേ ഭക്ഷണം, അമ്മേ വെള്ളം, അമ്മേ എന്റെ ചെരുപ്പ് ഇങ്ങനെ ദിവസത്തിൽ എത്ര പ്രാവശ്യം അമ്മയുടെ പേര് നമ്മൾ ഉച്ചരിക്കും എന്ന് അറിയില്ല. അമ്മ സ്വയം മറക്കുന്നവളാണ്. വേദനകൾ പലപ്പോഴും അമ്മ അറിയുന്നില്ല. മറ്റൊന്നിനെക്കുറിച്ചും അവൾ ചിന്തിക്കുന്നില്ല. കാരണം, അമ്മയുടെ ലോകം അവളുടെ കുടുംബമാണ്, മക്കളാണ്. അതുകൊണ്ടുതന്നെ ഒരു സത്യം ആ വലിയ സത്യം നാം അറിയണം. അത് അമ്മയാണ്, അമ്മ മാത്രം. അമ്മയോടുള്ള ഓരോ വാക്കും അമ്മയുടെ നേർക്കുള്ള ഓരോ കടാക്ഷവും നന്ദിയോടെ മാത്രമായിരിക്കട്ടെ.

## Maxims of St Euphrasia



- **The strength to endure and suffer, I receive from Holy Communion.**
- **When I remember the Passion of the Lord and my health, I get a desire to lash and wound my body with something sharp.**
- **When will I be able to live with my Mother, the Virgin Mary!**